ശ്രീരാമോദന്തം

(അർത്ഥസഹിതം)



ശ്രീരാമോദന്തം

(അർഥസഹിതം)

E-book published by
http://malayalamebooks.org
In July 2010

മുഖവുര

കുറേ തലമുറകളായി കേരളത്തിലെ സംസ്കൃതവിദ്യാർഥികൾ സംസ്കൃതബാലപാഠങ്ങളോടൊപ്പം തന്നെ പഠിക്കുന്ന ഒരു കൃതിയാണ് "ശ്രീരാമോദന്തം". ശ്രീരാമോദന്തം എന്ന സമസ്തപദത്തിന്റെ വിഗ്രഹം "ശ്രീരാമസ്യ ഉദന്തം" എന്നും, അതിന്റെ അർഥം "ശ്രീരാമന്റെ കഥ" എന്നുമാണ്.

"ശ്രീപതിം പ്രണിപത്യാഹം ശ്രീവത്സാങ്കിതവക്ഷസം ശ്രീരാമോദന്തമാഖ്യാസ്യേ ശ്രീവാത്മീകി പ്രകീർത്തിതം" എന്നു തുടങ്ങുന്ന ഇതിലെ ഒന്നു രണ്ടു ശ്ലോകങ്ങളെങ്കിലും മനഃപാഠമായിട്ടില്ലാത്ത മലയാളികളായ സംസ്കൃതജ്ഞർ വളരെ ചുരുക്കമായിരിക്കും. ഇന്ന് സാമ്പ്രദായികരീതിയിലുള്ള സംസ്കൃതവിദ്യാഭ്യാസം മൺമറഞ്ഞുപോയെങ്കിലും, കേരള സർക്കാർ പുറത്തിറക്കിയിട്ടുള്ള സംസ്കൃതപാഠാവലികളിലും കുറച്ചു വർഷങ്ങൾക്ക് മുമ്പുവരെ ശ്രീരാമോദന്തത്തിലെ ബാലകാണ്ഡമെങ്കിലും ഉൾപെടുത്തിയിട്ടുണ്ടായിരുന്നു എന്ന വസ്തുത സംസ്കൃതപ്രേമികൾക്ക് സന്തോഷത്തിന്നിടയാക്കുന്നതാണ്. എന്നാൽ ഇന്നത്തെ സ്ഥിതിയെന്താണെന്നറിയില്ല. ഭാഷാ പഠനത്തോടൊപ്പം തന്നെ ഭാരതീയസംസ്കൃതിയും, മൂല്യങ്ങളും ബാലമനസ്സുകളിൽ വേരൂന്നുവാൻ ഇത്തരം കൃതികളുടെ പഠനം സഹായിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

മുഖ്യമായും വാത്മീകി രാമായണത്തിന്റെ ചുവടുപിടിച്ച് ബാലകാണ്ഡം, അയോദ്ധ്യാകാണ്ഡം, എന്നിങ്ങനെ ഉത്തര കാണ്ഡം വരെയായി ഏഴു കാണ്ഡങ്ങളിൽ ബാലന്മാർക്കു

എളുപ്പം മനസ്സിലാകുന്ന ലളിതമായ സംസ്കൃതശ്ലോകങ്ങളിലൂടെ രാമകഥ മുഴുവൻ വളരെക്കുറച്ച ശ്ലോകങ്ങളിൽ വർണിച്ച കവിയുടെ മുമ്പിൽ നാം എങ്ങനെയാണ് ആദരവോടെ പ്രണമിക്കാതിരിക്കുക? ശ്രീരാമോദന്തം രചിച്ചത് പരമേശ്വര കവിയാണെന്ന് ഒരിടത്ത് കണ്ടു. പക്ഷേ അദ്ദേഹത്തിനെ ക്കുറിച്ച് അധികമൊന്നും ഇന്റർനെറ്റിൽ ലഭ്യമല്ല. അറിയാ വുന്നവർ എഴുതുവാൻ അപേക്ഷിക്കുന്നു.

മാർഷൽ കഥകളിലൂടെ മലയാളികളുടെ മനസ്സിൽ സ്ഥാനം നേടിയ കേണൽ മണി സാർ എന്നോട് സിദ്ധരൂപത്തിന്റെ ഒരു ഇ-പുസ്തകമുണ്ടാക്കി ഈ ബ്ലോഗിൽ പോസ്റ്റ് ചെയ്യുവാൻ ആവശ്യപ്പെട്ടപ്പോഴാണ്, ശ്രീരാമോദന്തത്തിന്റെയും ഒരു ഇ-പുസ്തകം തയ്യാറാക്കുവാനുള്ള ആശയം എന്റെ മനസ്സിലുദിച്ചത്. സിദ്ധരൂപം എന്ന പുസ്തകത്തിൽ ശ്രീരാമോദന്തത്തിലെ ബാലകാണ്ഡവും ഉൾപ്പെടുത്തിയിട്ടുണ്ട്. അതു കണ്ടപ്പോഴാണ്, ഞാൻ ചെറുപ്പത്തിൽ സ്കൂളിൽ ശ്രീരാമോദന്തം പഠിച്ച കാര്യം ഓർമ്മയില് വന്നത്. ഉടനെ തന്നെ ഇതിന്റെ ഇ-പുസ്തകം തയ്യാറാക്കണമെന്ന് തീരുമാനിച്ചെങ്കിലും, അതിനു കുറച്ചു കാലതാമസമെടുത്തു. ഇന്റർനെറ്റിൽ ഒരേ ഒരിടത്ത് മാത്രമേ ഇത് ഉണ്ടായിരുന്നുള്ളൂ. അത് പി. ആർ. രാമചന്ദറിന്റെ ശ്രീരാമോദന്തം ആംഗല പരിഭാഷയായിരുന്നു. അതിൽ ശ്ലോകങ്ങൾ ആംഗലലിപിയിൽ തന്നെയാണ് നല്കിയിരി ക്കുന്നത്. അതിൽ ശ്ലോകങ്ങളിലും, പരിഭാഷയിലും തെറ്റുകള് അനവധി. അതുകൊണ്ട് അതിനെ കാര്യമായി ആശ്രയി ക്കുവാൻ സാധിച്ചില്ല. ആർ. എസ്സ്. വാദ്ധ്യാർ പ്രസിദ്ധീകരിച്ച ശ്രീരാമോദന്തത്തിൽ ശ്ലോകങ്ങളും, കഠിന പദങ്ങളുടെ അർഥവുമുണ്ട്, എന്നാൽ പരിഭാഷയില്ല. അതുകൊണ്ടാണ് ഈ

പരിഭാഷകന് സ്വതന്ത്രമായ ഒരു മലയാളപരിഭാഷയ്ക്കു മുതിരേണ്ടിവന്നത്. ഇതിൽ തെറ്റുകുറ്റങ്ങൾ ഒഴിവാക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നാൽ അതിൽ പൂർണമായി വിജയിച്ചിട്ടുണ്ടെന്നു അവകാശപ്പെടുന്നുമില്ല. തെറ്റുകൾ കണ്ടാൽ അറിവുള്ളവർ ചൂണ്ടിക്കാണിക്കുമെന്നു പ്രതീക്ഷിക്കുന്നു.

- പരിഭാഷകൻ

അഥ ബാലകാണ്ഡഃ

ശ്രീപതിം പ്രണിപത്യാഹം ശ്രീവത്സാങ്കിതവക്ഷസം
ശ്രീരാമോദന്തമാഖ്യാസ്യേ ശ്രീവാത്മീകി പ്രകീർത്തിതം 1

ശ്രീവത്സം എന്ന മറുക് ഉള്ള മാറിടത്തോടുകൂടിയവനും ലക്ഷ്മീപതിയുമായ വിഷ്ണുവിനെ പ്രണമിച്ചുകൊണ്ട് വാത്മീകി യാൽ പ്രകീർത്തിക്കപ്പെട്ടതായ ശ്രീരാമകഥയെ പറയട്ടെ.

പുരാ വിശ്രുവസഃ പുത്രോ, രാവണോ നാമ രാക്ഷസഃ,
ആസീദസ്യാനുജൗ ചാസ്താം കുംഭകർണവിഭീഷണൗ. 2

പണ്ട് വിശ്രുവസ് എന്ന മുനിയുടെ പുത്രനായി രാവണൻ എന്ന പേരുള്ള ഒരു രാക്ഷസനുണ്ടായിരുന്നു. കുംഭകർണൻ, വിഭീഷണൻ എന്നിവർ അവന്റെ അനുജന്മാരും ആയിരുന്നു.

തേ തു തീവ്രേണ തപസാ പ്രത്യക്ഷീകൃത്യ വേധസം
വവ്രിരേ ച വരാനിഷ്ടാൻ അസ്മാദാശ്രിതവത്സലാത് 3

അവർ തീവ്രമായ തപസ്സുകൊണ്ട് ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തുകയും, ആശ്രിതവത്സലനായ അദ്ദേഹത്തിൽ നിന്ന് ഇഷ്ടമായ വരങ്ങൾ വരിക്കുകയും ചെയ്തു.

രാവണോ മാനുഷാദന്യൈഃ അവധ്യത്വം തഥാത്മനഃ
നിർദേവത്വേച്ഛയാ നിദ്രാം കുംഭകർണോഽവൃണീത ച 4

രാവണൻ താൻ മനുഷ്യന്മാരല്ലാതെ വേറെ ആരാലും വധിക്കപ്പെടരുത് എന്ന വരം യാചിക്കുകയും, കുംഭകർണ്ണൻ "നിർദേവത്വം" ഇച്ഛിച്ചുകൊണ്ട് നാക്കിന് പിഴപറ്റി നിദ്രയെ വരിക്കുകയും ചെയ്തു.

വിഭീഷണോ വിഷ്ണുഭക്തിം വവ്രേ സത്വഗുണാന്വിതഃ
തേഭ്യ ഏതാൻ വരാൻ ദത്വാ തത്രൈവാന്തർദധേ പ്രഭുഃ 5

സത്വഗുണമുള്ളവനായ വിഭീഷണനാകട്ടെ വിഷ്ണുഭക്തിയെ വരിച്ചു. അവർക്ക് ഈ വരങ്ങളെക്കൊടുത്തിട്ട് ബ്രഹ്മാവ് ഉടനെ അന്തർധാനം ചെയ്തു.

രാവണസ്തു തതോ ഗത്വാ രണേ ജിത്വാ ധനാധിപം
ലങ്കാപുരീം പുഷ്പകം ച ഹൃത്വാ തത്രാവസത് സുഖം 6

അനന്തരം രാവണൻ ധനാധിപനായ കുബേരനെ യുദ്ധത്തിൽ ജയിച്ചിട്ട് ലങ്കാപുരിയെയും, പുഷ്പകവിമാനത്തെയും അപഹരിച്ചിട്ട് അവിടെ (ലങ്കയിൽ) സുഖമായി താമസിച്ചു.

യാതുധാനാസ്തതസ്സർവ്വേ രസാതലനിവാസിനഃ
ദശാനനം സമാശ്രിത്യ ലങ്കാം ച സുഖമാവസൻ 7

അപ്പോൾ രസാതലത്തിൽ നിവസിച്ചുകൊണ്ടിരുന്ന രാക്ഷസന്മാരെല്ലാവരും ദശാനനനെ (രാവണനെ) അശ്രയിച്ചുകൊണ്ട് ലങ്കയിൽ സുഖമായി താമസിച്ചുതുടങ്ങി.

മന്ദോദരീം മയസുതാം പരിണീയ ദശാനനഃ
തസ്യാമുത്പാദയാമാസ മേഘനാദാഹ്വയം സുതം 8

രാവണൻ അസുരശില്പിയായ മയന്റെ പുത്രിയായ മന്ദോദരിയെ പരിണയിച്ചിട്ട് അവളിൽ മേഘനാദൻ എന്ന പേരുള്ള പുത്രനെ ജനിപ്പിച്ചു.

രസാം രസാതലം ചൈവ വിജിത്യ സ തു രാവണഃ
ലോകാമാക്രാമയൻ സർവ്വാന് ജഹാര ച വിലാസിനീഃ 9

ആ രാവണനാകട്ടെ ഭൂലോകത്തെയും, രസാതലത്തെയും വിജയിച്ചിട്ട് ജനങ്ങളെ ഉപദ്രവിക്കുകയും, സുന്ദരികളെ അപഹരിക്കുകയും ചെയ്തു.

ദൂഷയൻ വൈദികം കർമ ദ്വിജാൻ അർദയതി സ്മ സഃ
ആത്മജേനാന്വിതോ യുദ്ധേ വാസവം ചാപ്യപീഡയത് 10

അവൻ വൈദികകർമങ്ങളെ ദുഷിക്കുകയും, ബ്രാഹ്മണരെ കഷ്ടപ്പെടുത്തുകയും, സ്വപുത്രനോടുകൂടിച്ചേർന്ന് ഇന്ദ്രനെ യുദ്ധത്തിൽ പരാജയപ്പെടുത്തുകയും ചെയ്തു.

തദീയതരുരത്നാനി പുനരാനായ്യ കിങ്കരൈഃ
സ്ഥാപയിത്വാ തു ലങ്കായാമവസച്ച ചിരായ സഃ 11

അവൻ കിങ്കരന്മാരെക്കൊണ്ട് സ്വർഗ്ഗത്തിലെ (ഇന്ദ്രലോകത്തിലെ) കല്പതരുക്കളെ ലങ്കയിൽ കൊണ്ടുവന്ന് നട്ടുപിടിപ്പിച്ചിട്ട് കുറെ നാൾ ലങ്കയിൽ താമസിച്ചു.

തതസ്തസ്മിന്നവസരേ വിധാതാരം ദിവൗകസഃ
ഉപഗമ്യോചിരേ സർവം രാവണസ്യ വിചേഷ്ടിതം 12

ആ സന്ദർഭത്തില് ദേവന്മാർ ബ്രഹ്മാവിനെ സമീപിച്ച് രാവണന്റെ എല്ലാ പ്രവർത്തികളും അദ്ദേഹത്തെ അറിയിച്ചു.

തദാകർണ്യ സുരൈസ്സാകം പ്രാപ്യ ദുഗ്ധോദധേസ്തടം
തുഷ്ടാവ ച ഹൃഷീകേശം വിധാതാ വിവിധൈഃ സ്തവൈഃ 13

അതുകേട്ടിട്ട് ബ്രഹ്മാവ് അവരുടെ കൂടെ പാലാഴിയുടെ തീരത്തുചെന്നിട്ട് വിവിധങ്ങളായ സ്തുതികളെക്കൊണ്ട് വിഷ്ണു വിനെ പ്രസന്നനാക്കി.

ആവിർഭൂയാഥ ദൈത്യാരിഃ പപ്രച്ഛ ച പിതാമഹം
കിമർഥമാഗതോഽസി ത്വം സാകം ദേവഗണൈരിതി 14

അപ്പോൾ വിഷ്ണു പ്രത്യക്ഷപ്പെട്ട് ബ്രഹ്മാവിനോട് ചോദിച്ചു, "അങ്ങ് ദേവഗണങ്ങളോടുകൂടി എന്തിനാണ് വന്നിരിക്കുന്നത്?"

തതോ ദശാനനാത് പീഡാമജസ്തസ്മൈ ന്യവേദയത്
തച്ഛ്രുത്വോവാച ധാതാരം ഹർഷയന് വിഷ്ടരശ്രവാഃ 15

അപ്പോൾ ബ്രഹ്മാവ് രാവണൻ മൂലമുണ്ടായ പീഡയെക്കുറിച്ച് വിഷ്ണുവിനെ അറിയിച്ചു. അതുകേട്ടിട്ട് വിഷ്ണു ബ്രഹ്മാവിനെ സന്തോഷിപ്പിക്കുവാനായി ഇപ്രകാരം പറഞ്ഞു.

അലം ഭയേനാത്മയോനേ ഗച്ഛ ദേവഗണൈസ്സഹ
അഹം ദാശരഥിർഭൂത്വാ ഹനിഷ്യാമി ദശാനനം 16

"അല്ലയോ ബ്രഹ്മാവേ! ഇനി ഭയക്കേണ്ട. അങ്ങ് ദേവഗണങ്ങളുമൊത്ത് പോയാലും. ഞാൻ ദശരഥപുത്രനായി ജനിച്ച് ദശാശനനെ (രാവണനെ) വധിക്കുന്നതാണ്."

ആത്മാംശൈശ്ച സുരാസ്സർവേ ഭൂമൗ വാനരരൂപിണഃ
ജായേരൻ മമ സാഹായ്യം കർത്തും രാവണനിഗ്രഹേ 17

എല്ലാ ദേവന്മാരും, രാവണനെ നിഗ്രഹിക്കുന്നതിന് എന്നെ സഹായിക്കുവാനായി, അവരവരുടെ അംശം കൊണ്ട് വാനരന്മാരായി രൂപമെടുത്ത് ഭൂമിയിൽ ജനിക്കട്ടെ.

ഏവമുക്ത്വാ വിധാതാരം തത്രൈവാന്തർദധേ പ്രഭുഃ
പദ്മയോനിസ്തു ഗീർവാണൈസ്സമം പ്രായാത് പ്രഹൃഷ്ടധീഃ 18

ബ്രഹ്മാവിനോട് ഇപ്രകാരം പറഞ്ഞിട്ട് മഹാവിഷ്ണു ഉടനെ അന്തർധാനം ചെയ്തു. ബ്രഹ്മാവാകട്ടെ ദേവന്മാരോടുകൂടി സന്തുഷ്ടചിത്തനായി മടങ്ങുകയും ചെയ്തു.

അജീജനത്തതോ ശക്രോ വാലിനം നാമ വാനരം
സുഗ്രീവമപി മാർതാണ്ഡോ ഹനൂമന്തം ച മാരുതഃ 19

അനന്തരം ഇന്ദ്രൻ (തന്റെ അംശമുള്ളവനായ) വാലി (ബാലി) എന്ന വാനരനെ ജനിപ്പിച്ചു. (അതുപോലെ) സൂര്യദേവൻ സുഗ്രീവനെയും, വായുദേവൻ ഹനൂമാനെയും ജനിപ്പിച്ചു.

പുരൈവ ജനയാമാസ ജാംബവന്തം ച പദ്മജഃ
ഏവമന്യേ ച വിബുധാഃ കപീനജനയൻ ബഹൂൻ 20

ബ്രഹ്മാവ് പണ്ടുതന്നെ ജാംബവാനെ ജനിപ്പിച്ചിരുന്നു. ഇപ്രകാരം തന്നെ മറ്റു ദേവന്മാരും അനേകം വാനരന്മാരെ ജനിപ്പിച്ചു.

തതോ വാനരസംഘാനാം വാലീ പരിവൃഢോഽഭവത്
അമീഭിരഖിലൈസ്സാകം കിഷ്കിന്ധാമധ്യുവാസ ച 21

പിന്നീട് ബാലി വാനരന്മാരുടെയെല്ലാം നേതാവായി അവരോടെല്ലാമൊത്ത് കിഷ്കിന്ധയിൽ താമസമുറപ്പിച്ചു.

ആസീദ്ദശരഥോ നാമ സൂര്യവംശേഽഥ പാർഥിവഃ
ഭാര്യാസ്തിസ്രോപി ലബ്ധ്വാസൗ താസു ലേഭേ ന സന്തതിം 22

സൂര്യവംശത്തിൽ ദശരഥൻ എന്നു പേരുള്ള ഒരു രാജാവ് ഉണ്ടായിരുന്നു. അദ്ദേഹത്തിന് മൂന്നു ഭാര്യമാർ ഉണ്ടായിട്ടും അവരിൽ സന്തതികളൊന്നും ഉണ്ടായില്ല.

തതഃ സുമന്ത്രവചനാദ് ഋഷ്യശൃംഗം സ ഭൂപതിഃ
ആനീയ പുത്രകാമേഷ്ടിം ആരേഭേ സപുരോഹിതഃ 23

അനന്തരം സുമന്ത്രന്റെ ഉപദേശമനുസരിച്ച് ആ രാജാവ് പുരോഹിതന്മാരോടുകൂടി ഋഷ്യശൃംഗമുനിയെ വരുത്തി പുത്രകാമേഷ്ടി ആരംഭിച്ചു.

അഥാഗ്നേരുത്ഥിതഃ കശ്ചിദ് ഗൃഹീത്വാ പായസം ചരും
ഏതത്പ്രാശയ പത്നീസ്ത്വം ഇത്യുക്ത്വാ/ദാന്ന്യപായ സഃ 24

അപ്പോൾ അഗ്നിയിൽ നിന്ന് കൈയ്യിൽ പായസമേന്തിയ ഒരു ദിവ്യദേഹം ഉയർന്നുവന്നിട്ട് "ഇത് നിന്റെ ഭാര്യമാരെ കഴിപ്പിക്കൂ" എന്ന് രാജാവിനോട് പറഞ്ഞിട്ട് അത് അദ്ദേഹത്തിന് നല്കി.

തദ്ഗൃഹീത്വാ തദൈവാസൗ പത്നീഃ പ്രാശയദുത്സുകഃ
താശ്ച തതഃ പ്രാശനാദേവ നൃപാദ്ഗർഭമധാരയന് 25

രാജാവ് അത് സ്വീകരിച്ചിട്ട്, ഉത്സുകനായി അത് സ്വപത്നി മാരെക്കൊണ്ട് കഴിപ്പിക്കുകയും ചെയ്തു. പിന്നീട് അവർ പായസം കഴിച്ചതിന്റെ ഫലമായി രാജാവിങ്കൽ നിന്ന് ഗർഭം ധരിച്ചു.

പൂർണേ കാലേ/ഥ കൗസല്യാ സജ്ജനാംഭോജഭാസ്കരം
അജീജനദ്രാമചന്ദ്രം കൈകേയീ ഭരതം തഥാ 26

കൗസല്യ യഥാകാലം സജ്ജനങ്ങളാകുന്ന താമരകൾക്ക് സൂര്യനെപ്പോലെ ആനന്ദം നല്കുന്നവനായ രാമചന്ദ്രനെയും, കൈകേയി ഭരതനെയും ജന്മം നല്കി.

തതോ ലക്ഷ്മണശത്രുഘ്നൗ സുമിത്രാജീജനത് സുതൗ
അകാരയത്പിതാ തേഷാം ജാതകർമാദികം ദ്വിജൈഃ 27

പിന്നീട് സുമിത്ര ലക്ഷ്മണൻ, ശത്രുഘ്നൻ എന്നിവരെയും പ്രസവിച്ചു. പിതാവ് ബ്രാഹ്മണരെക്കൊണ്ട് അവരുടെ ജാതകർമം തുടങ്ങിയവ വേണ്ടുംവണ്ണം ചെയ്യിച്ചു.

തതോ വവൃധിരേഽന്യോന്യം സ്നിഗ്ധാശ്ചത്വാര ഏവ തേ
സകലാസു ച വിദ്യാസു നൈപുണ്യമഭിലേഭിരേ 28

പിന്നീട് അവർ നാലുപേരും പരസ്പരം സ്നേഹമുള്ളവരായി ത്തന്നെ വളർന്നു. അവർ സകലവിദ്യകളിലും നൈപുണ്യം നേടുകയും ചെയ്തു.

തതഃ കദാചിദാഗത്യ വിശ്വാമിത്രോ മഹാമുനിഃ
യയാചേ യജ്ഞരക്ഷാർഥം രാമം ശക്തിധരോപമം 29

അങ്ങനെയുള്ളപ്പോൾ ഏതോ ഒരു നാൾ വിശ്വാമിത്രമഹാമുനി അവിടെ വന്നെത്തുകയും, യജ്ഞരക്ഷ ചെയ്യുന്നതിനായി സ്കന്ദനെപ്പോലെ ശക്തിമാനായ രാമനെ ആവശ്യപ്പെടുകയും ചെയ്തു.

വസിഷ്ഠവചനാദ്രാമം ലക്ഷ്മണേന സമന്വിതം
കൃച്ഛ്രേണ നൃപതിസ്തസ്യ കൗശികസ്യ കരേ ദദൗ 30

രാജാവ് വളരെ വിഷമത്തോടുകൂടി വസിഷ്ഠന്റെ ഉപദേശ മനുസരിച്ച് ലക്ഷ്മണനോടുകൂടിയ രാമനെ വിശ്വാമിത്രമുനിയുടെ കൈകളിൽ ഏൽപിച്ചു.

തൗ ഗൃഹീത്വാ തതോ ഗച്ഛൻ ബലമതിബലാം തഥാ
അസ്ത്രാണി ച സമഗ്രാണി താഭ്യാമുപദിദേശ സഃ 31

വിശ്വാമിത്രമുനി അവരെയുംകൊണ്ട് അവിടെനിന്ന് പോയിട്ട് ബല, അതിബല എന്നീ മന്ത്രങ്ങളെയും, സകല അസ്ത്രങ്ങളെയും അവർക്ക് ഉപദേശിച്ചു.

ഗച്ഛൻ സഹാനുജോ രാമഃ കൗശികേന പ്രചോദിതഃ
താടകാമവധീദ്ധീമാൻ ലോകപീഡനതത്പരാം 32

വിശ്വാമിത്രമുനിയാൽ പ്രേരിതനായി ബുദ്ധിമാനായ ശ്രീരാമൻ ജനങ്ങളെ പീഡിപ്പിക്കുന്നതിൽ തത്പരയായിരുന്ന താടകയെന്ന രാക്ഷസിയെ ലക്ഷ്മണനോടുകൂടിച്ചേർന്ന് വധിച്ചു.

തതഃ സിദ്ധാശ്രമം പ്രാപ്യ കൗശികസ്സഹ രാഘവഃ
അധ്വരം ച സമാരേഭേ രാക്ഷസാശ്ച സമാഗമൻ 33

അനന്തരം ശ്രീരാമൻ വിശ്വാമിത്രമുനിയോടൊത്ത് സിദ്ധാശ്രമത്തിലെത്തിച്ചേർന്നു. യജ്ഞം ആരംഭിക്കുകയും അപ്പോൾ തന്നെ രാക്ഷസന്മാർ വരുകയും ചെയ്തു.

രാഘവസ്തു തതോസ്ത്രേണ ക്ഷിപ്ത്വാ മാരീചമർണവേ
സുബാഹുപ്രമുഖാൻ ഹത്വാ യജ്ഞം ചാപാലയന്മുനേഃ 34

അപ്പോൾ ശ്രീരാമൻ അസ്ത്രപ്രയോഗം കൊണ്ട് മാരീചനെ കടലിലെറിയുകയും, സുബാഹുവിനെയും, മറ്റു രാക്ഷസന്മാരെയും വധിച്ച് മുനിയുടെ യജ്ഞത്തെ രക്ഷിക്കുകയും ചെയ്തു.

കൗശികേന തതോ രാമോ നീയമാനഃ സഹാനുജഃ
അഹല്യാശാപനിർമോക്ഷം കൃത്വാ സംപ്രാപ മൈഥിലം 35

പിന്നീട് വിശ്വാമിത്രമുനിയാൽ നയിക്കപ്പെട്ട ശ്രീരാമൻ അനുജനോട്കൂടിച്ചെന്ന് അഹല്യയെ ശാപത്തിൽ നിന്ന് മോചിപ്പിച്ചിട്ട് ജനകന്റെ അടുക്കൽ എത്തിച്ചേർന്നു.

ജനകേനാർചിതോ രാമഃ കൗശികേന പ്രചോദിതഃ
സീതാനിമിത്തമാനീതം ബഭഞ്ജ ധനുരൈശ്വരം 36

ജനകനാൽ ബഹുമാനിതനായ രാമൻ, വിശ്വാമിത്രനാൽ പ്രേരിതനായിട്ട് സീതാസ്വയംവരത്തിൽ പരീക്ഷയ്ക്കായി കൊണ്ടുവന്നതായ ശൈവചാപത്തെ ഭഞ്ജിച്ചു.

തതോ ദശരഥം ദൂതൈരാനായ്യ മിഥിലാധിപഃ
രാമാദ്യഭ്യസ്തത്സുതേഭ്യഃ സീതാദ്യാഃ കന്യകാഃ ദദൗ 37

അനന്തരം മിഥിലാധിപനായ ജനകൻ ദൂതന്മാരെ അയച്ച് ദശരഥനെ (മിഥിലയിൽ) വരുത്തി ദശരഥപുത്രന്മാരായ രാമൻ തുടങ്ങിയവർക്ക് സീത തുടങ്ങിയ തന്റെ കന്യകമാരെ നല്കി.

തതോ ഗുരുനിയോഗേന കൃതോദ്വാഹഃ സഹാനുജഃ
രാഘവോ നിര്യയൗ തേന ജനകേനോരുമാനിതഃ 38

അപ്പോൾ മുതിർന്നവർ നിർദേശിച്ചതനുസരിച്ച് വിവാഹം ചെയ്തവനായ രാമൻ ജനകരാജാവിനാൽ ബഹുമാനിതനായി, സ്വസഹോദരന്മാരുമൊന്നിച്ച് അവിടെ നിന്ന് പുറപ്പെട്ടു.

തദാകർണ്യ ധനുർഭംഗം ആയാന്തം രോഷഭീഷണം
വിജിത്യ ഭാർഗവം രാമം അയോധ്യാം പ്രാപ രാഘവഃ 39

ശ്രീരാമൻ ശൈവചാപം ഖണ്ഡിച്ചതിനെക്കുറിച്ച് കേട്ടിട്ട് വരുന്നവനായ, ക്രുദ്ധനായ ഭാർഗവരാമനെ വിജയിച്ചിട്ട് ശ്രീരാമൻ അയോദ്ധ്യയിൽ എത്തിച്ചേർന്നു.

തതഃ സർവജനാനന്ദം കുർവാണശ്ചേഷ്ടിതൈഃ സ്വകൈഃ
താമുധ്യുവാസ കാകുത്സ്ഥസ്സീതയാ സഹിതസ്സുഖം 40

അനന്തരം താൻ ചെയ്യുന്ന പ്രവൃത്തികളിലൂടെ എല്ലാവർക്കും ആനന്ദം നല്കുന്നവനായി ശ്രീരാമൻ സീതയോടൊത്ത് അവിടെ സുഖമായി ജീവിച്ചു.

ഇതി ശ്രീരാമോദന്തേ ബാലകാണ്ഡഃ സമാപ്തഃ
ഇതോടെ ശ്രീരാമോദന്തത്തിലെ ബാലകാണ്ഡം സമാപിച്ചു.

അഥ അയോധ്യാകാണ്ഡഃ

ഏതസ്മിന്നന്തരേ ഗേഹം മാതുലസ്യ യുധാജിതഃ
പ്രയയൗ ഭരതഃ പ്രീതഃ ശത്രുഘ്നസമന്വിതഃ 1

അതിനിടയ്ക്ക് ഭരതൻ ശത്രുഘ്നനോടൊത്ത് സന്തോഷപൂർവ്വം അമ്മാവനായ യുധാജിത്തിന്റെ വീട്ടിലേയ്ക്ക് പോയി.

തതഃ പ്രകൃതിഭിഃ സാകം മന്ത്രയിത്വാ സ ഭൂപതിഃ
അഭിഷേകായ രാമസ്യ സമാരേഭേ മുദാഽന്വിതഃ 2

അനന്തരം ദശരഥമഹാരാജാവ് മന്ത്രിമാരുമായി ആലോചിച്ച ശേഷം രാമന്റെ പട്ടാഭിഷേകത്തിനായി സന്തോഷപൂർവ്വം ഒരുക്കങ്ങൾ ചെയ്തുതുടങ്ങി.

കൈകേയീ തു മഹീപാലം മന്ഥരാദൂഷിതാശയാ
വരദ്വയം പുരാ ദത്തം യയാചേ സത്യസംഗരം 3

അപ്പോൾ മന്ഥരയെന്ന പരിചാരികയാൽ മനസ്സ് ദുഷിപ്പിക്കപ്പെട്ടവളായ കൈകേയി, സത്യനിഷ്ഠനായ രാജാവിനോട് പണ്ട് തനിയ്ക്ക് നൽകിയ രണ്ടു വരങ്ങൾ ആവശ്യപ്പെട്ടു.

വനവാസായ രാമസ്യ രാജ്യാപ്ത്യൈ ഭരതസ്യ ച
തസ്യാ വരദ്വയം കൃച്ഛ്രമന്വജജ്ഞേ മഹീപതിഃ 4

രാമനെ വനവാസത്തിനയയ്ക്കണമെന്നും, ഭരതനെ രാജ്യാവകാശം നൽകണമെന്നുമുള്ള കൈകേയുടെ രണ്ടു

ആവശ്യങ്ങൾക്ക് രാജാവ് വളരെ ദുഃഖത്തോടെ അനുവാദം നല്കി.

രാമം തദൈവ കൈകേയീ വനവാസായ ചാദിശത്
അനുജ്ഞാപ്യ ഗുരൂൻ സർവാന് നിർയയൗ ച വനായ സഃ 5

കൈകേയി ഉടനെതന്നെ രാമനോട് വനവാസതിന് പോകുവാനായി ആജ്ഞാപിച്ചു. ഗുരുജനങ്ങളോടെല്ലാം വിടചൊല്ലിയിട്ട് രാമൻ വനത്തിലേയ്ക്കായി പുറപ്പെടുകയും ചെയ്തു.

ദൃഷ്ട്വാ തം നിർഗതം സീതാ ലക്ഷ്മണശ്ചാനുജഗ്മതുഃ
സംത്യജ്യ സ്വഗൃഹാൻ സർവേ പൗരാശ്ചാനുയയുർദ്രുതം 6

വനത്തിലേയ്ക്ക് പുറപ്പെട്ട രാമനെ സീതയും ലക്ഷ്മണനും അനുഗമിച്ചു. പൗരന്മാരെല്ലാവരും തന്നെ തങ്ങളുടെ വീടുകൾ ഉപേക്ഷിച്ച് രാമനെ പിന്തുടർന്നു.

വഞ്ചയിത്വാ കൃശാൻ പൗരാൻ നിദ്രാണാൻ നിശി രാഘവഃ
വാഹ്യമാനം സുമന്ത്രേണ രഥമാരുഹ്യ ചാഗമത് 7

അന്നു രാത്രി ദുഃഖിതരായ പൗരന്മാർ നിദ്രയിലാണ്ടിരുന്നപ്പോൾ അവരറിയാതെ ശ്രീരാമൻ ദശരഥന്റെ മന്ത്രിമുഖ്യനായ സുമന്ത്രൻ തെളിച്ച തേരിൽ കയറി വനത്തിലേയ്ക്ക് യാത്രയായി.

ശൃംഗിബേരപുരം ഗത്വാ ഗംഗാകൂലേƒഥ രാഘവഃ
ഗുഹേന സത്കൃതസ്തത്ര നിശാമേകാമുവാസ ച 8

പിന്നീട് ശ്രീരാമൻ ഗംഗാതീരത്തുള്ള ശൃംഗിബേരപുരത്തിലെത്തിയിട്ട് ഗുഹന്റെ സത്ക്കാരം കൈക്കൊണ്ടിട്ട് അവിടെ ഒരു രാത്രി താമസിക്കുകയും ചെയ്തു.

സാരഥിം സന്നിമന്ത്ര്യാസൗ സീതാലക്ഷ്മണസംയുതഃ
ഗുഹേനാനീതയാ നാവാ സംതതാര ച ജാഹ്നവീം 9

അവിടെ വെച്ച് സാരഥിയായ സുമന്ത്രനോട് വിടപറഞ്ഞ ശേഷം ശ്രീരാമൻ സീതാലക്ഷ്മണന്മാരോടു കൂടി ഗുഹൻ തുഴഞ്ഞ വള്ളത്തിൽ ഗംഗാനദിയെ തരണം ചെയ്തു.

ഭരദ്വാജമുനിം പ്രാപ്യ തം നത്വാ തേന സത്കൃതഃ
രാഘവസ്തസ്യ നിർദേശാത് ചിത്രകൂടേƒവസത് സുഖം 10

അവിടെ ഭരദ്വാജമുനിയുടെ അടുക്കൽ ചെന്ന് അദ്ദേഹത്തെ നമസ്കരിച്ച് അദ്ദേഹത്തിന്റെ സത്ക്കാരം ഏറ്റുവാങ്ങി ശ്രീരാമൻ ഭരദ്വാജന്റെ നിർദ്ദേശമനുസരിച്ച് ചിത്രകൂടത്തിൽ (ചിത്രകൂടപർവ്വതത്തില്) സുഖമായി താമസിച്ചു.

അയോധ്യാം തു തതോ ഗത്വാ സുമന്ത്രഃ ശോകവിഹ്വലഃ
രാജ്ഞേ ന്യവേദയത്സർവം രാഘവസ്യ വിചേഷ്ടിതം 11

ദുഃഖാർത്തനായ സുമന്ത്രൻ അവിടെ നിന്ന് അയോദ്ധ്യയിലെത്തി രാജാവിനോട് ശ്രീരാമന്റെ വിശേഷങ്ങളെല്ലാം അറിയിച്ചു.

തദാകർണ്യ സുമന്ത്രോക്തം രാജാ ദുഃഖവിമൂഢധീഃ
രാമരാമേതി വിലപൻ ദേഹം ത്വക്ത്വാ ദിവം യയൗ 12

സുമന്ത്രൻ പറഞ്ഞതുകേട്ടിട്ട് രാജാവ് ദുഃഖമഗ്നനായി "രാമാ, രാമാ" എന്ന് വിളിച്ചു വിലപിച്ചുകൊണ്ട് ശരീരം വെടിഞ്ഞ് സ്വർഗ്ഗത്തിലേയ്ക്ക് പോയി.

മന്ത്രിണസ്തു വസിഷ്ഠോക്ത്യാ ദേഹം സംരക്ഷ്യ ഭൂപതേഃ
ദൂതൈരാനായയാമാസുഃ ഭരതം മാതുലാലയാത് 13

മന്ത്രിമാർ വസിഷ്ഠൻ നിർദ്ദേശിച്ചതനുസരിച്ച് രാജാവിന്റെ ശരീരം കാത്തുസൂക്ഷിക്കുകയും, ദൂതന്മാരെ അയച്ച് ഭരതനെ അമ്മാവന്റെ വീട്ടിൽ നിന്ന് തിരിച്ചു വരുത്തുകയും ചെയ്തു.

ഭരതസ്തു മൃതം ശ്രുത്വാ പിതരം കൈകയീഗിരാ
സംസ്കാരാദി ചകാരാസ്യ യഥാവിധി സഹാനുജഃ 14

കൈകേയിയുടെ വാക്കുകൾ കേട്ടതിന്റെ ഫലമായി പിതാവ് മരണമടഞ്ഞുവെന്നറിഞ്ഞ് ഭരതൻ അനിയനുമൊത്ത് ദശരഥന്റെ ശവസംസ്കാരക്രിയകൾ യഥാവിധി അനുഷ്ഠിച്ചു.

അമാത്യൈഃ ചോദ്യമാനോപി രാജ്യായ ഭരതസ്തഥാ
വനായൈവ യയൗ രാമമാനേതും നാഗരൈസ്സഹ 15

അതിനുശേഷം, ഭരതനെ രാജ്യഭാരം ഏറ്റെടുക്കുവാൻ മന്ത്രിമാർ പ്രേരിപ്പിച്ചെങ്കിലും, ഭരതൻ പൗരന്മാരുമൊത്ത് രാമനെ തിരിച്ചുകൊണ്ടുവരുന്നതിനായി വനത്തിലേയ്ക്ക് പുറപ്പെട്ടു.

സ ഗത്വാ ചിത്രകൂടസ്ഥം രാമം ചീരജടാധരം
യയാചേ രക്ഷിതും രാജ്യം വസിഷ്ഠാദ്യൈഃ ദ്വിജൈസ്സഹ 16

ഭരതൻ ചിത്രകൂടത്തിൽ നിവസിച്ചുകൊണ്ടിരിക്കുന്നവനും, ജടപിടിച്ച മുടിയോടുകൂടിയവനും, പഴകിയ വസ്ത്രം ധരിച്ചവനുമായ രാമന്റെ അടുക്കലെത്തിയിട്ട് വസിഷ്ഠാദി ബ്രാഹ്മണരോടോത്ത് രാജ്യത്തെ സംരക്ഷിക്കുവാനായി ശ്രീരാമനോട് അഭ്യർഥിച്ചു.

ചതുർദശ സമാ നീത്വാ പുനരൈഷ്യാമ്യഹം പുരീം
ഇത്യുക്ത്വാ പാദുകേ ദത്വാ തം രാമം പ്രത്യയാപയത് 17

"പതിനാലു വർഷത്തെ വനവാസം കഴിഞ്ഞതിനുശേഷം ഞാൻ അയോദ്ധ്യയിലേയ്ക്ക് മടങ്ങിവരാം" എന്നു പറഞ്ഞിട്ട് ശ്രീരാമൻ ഭരതന് തന്റെ പാദുകങ്ങൾ നല്കി, അവനെ തിരിച്ചയച്ചു.

ഗൃഹീത്വാ പാദുകേ തസ്മാത് ഭരതോ ദീനമാനസഃ
നന്ദിഗ്രാമേ സ്ഥിതസ്താഭ്യാം ররക്ഷ ച വസുന്ധരാം 18

ദീനമാനസനായ ഭരതൻ ശ്രീരാമന്റെ പാദുകങ്ങളുമേന്തി നന്ദിഗ്രാമത്തിലെത്തി അവിടെ താമസിച്ചുകൊണ്ട് ശ്രീരാമ

പാദുകങ്ങളെ ആധാരമാക്കി (ശ്രീരാമന്റെ സേവകനാണ് താൻ എന്ന ഭാവേന) രാജ്യരക്ഷണം ചെയ്തു.

രാഘവസ്തു ഗിരേസ്തസ്മാത് ഗത്വാത്രിം സമവന്ദത
തത്പത്നിസ്തു തദാ സീതാം ഭൂഷണൈഃ സൈ്വരഭൂഷയത് 19

ശ്രീരാമനാകട്ടെ ചിത്രകൂടപർവ്വതത്തിൽ നിന്ന് അത്രിമുനി യുടെയടുക്കൽ പോയി അദ്ദേഹത്തെ വന്ദിച്ചു. അപ്പോൾ അത്രിമുനിയുടെ പത്നിയാകട്ടെ തന്റെ ആഭരണങ്ങൾ കൊണ്ട് സീതയെ അലങ്കരിക്കുകയും ചെയ്തു.

ഉഷിത്വാ തു നിശാമേകാം ആശ്രമേ തസ്യ രാഘവഃ
വിവേശ ദണ്ഡകാരണ്യം സീതാലക്ഷ്മണസംയുതഃ 20

ശ്രീരാമൻ ഒരു രാത്രി അത്രിമുനിയുടെ ആശ്രമത്തിൽ വസിച്ച് പിന്നീട് സീതാലക്ഷ്മണന്മാരോടൊത്ത് ദണ്ഡകാരണ്യ ത്തിലേയ്ക്ക് പ്രവേശിച്ചു.

ഇതി ശ്രീരാമോദന്തേ അയോദ്ധ്യാകാണ്ഡഃ സമാപ്തഃ
ഇതോടെ ശ്രീരാമോദന്തത്തിൽ അയോദ്ധ്യാകാണ്ഡം സമാപിച്ചു.

അഥ ആരണ്യകാണ്ഡഃ

വ്രജൻ വനേന കാകുത്സ്ഥോ വിരാധം വിധിചോദിതം
സദാരാനുജമാത്മാനം ഹരന്തമവധീത് തദാ 1

അങ്ങനെയിരിക്കെ ഒരിക്കൽ ശ്രീരാമൻ കാട്ടിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ വിരാധൻ എന്നു പേരുള്ള രാക്ഷസൻ വിധിവശാൽ ശ്രീരാമനെയും, സീതയെയും, ലക്ഷ്മണനെയും പൊക്കിയെടുത്തുകൊണ്ടുപോയപ്പോൾ ശ്രീരാമൻ അവനെ വധിക്കുകയുണ്ടായി.

ശരഭംഗാശ്രമം പ്രാപ്യ സ്വർഗതിം തസ്യ വീക്ഷ്യ സഃ
പ്രതിജജ്ഞേ രാക്ഷസാനാം വധം മുനിഭിരര്ഥിതഃ 2

അനന്തരം ശരഭംഗമുനിയുടെ ആശ്രമത്തിലെത്തുകയും, അദ്ദേഹം സ്വർഗം പൂകുന്നതു കാണുകയും ചെയ്തിട്ട് ശ്രീരാമൻ മുനിമാർ അഭ്യർഥിച്ചതനുസരിച്ച് രാക്ഷസന്മാരെ വധിക്കുവാൻ പ്രതിജ്ഞ ചെയ്തു.

തസ്മാത് ഗത്വാ സുതീക്ഷ്ണം ച പ്രണമ്യാനേന പൂജിതഃ
അഗസ്ത്യാശ്രമം പ്രാപ്യ തം നമാമ രഘൂത്തമഃ 3

അവിടെനിന്നും സുതീക്ഷ്ണമുനിയുടെ ആശ്രമത്തിൽ പോയി അദ്ദേഹത്തെ പ്രണമിച്ച്, അദ്ദേഹത്തിന്റെ സത്ക്കാരം സ്വീകരിച്ചിട്ട് ശ്രീരാമൻ അഗസ്ത്യാശ്രമത്തിലെത്തി അഗസ്ത്യ മുനിയെ പ്രണമിച്ചു.

രാമായ വൈഷ്ണവം ചാപം ഐന്ദ്രം തൂണീയുഗം തഥാ
ബ്രാഹ്മം ചാസ്ത്രം ച ഖഡ്ഗം ച പ്രദദൗ കുംഭസംഭവഃ 4

അപ്പോൾ, കുംഭസംഭവനായ (കുടത്തിൽ ജനിച്ചവനായ) അഗസ്ത്യൻ വിഷ്ണുവിന്റെ വില്ലും, ഇന്ദ്രന്റെ രണ്ടു ആവനാഴികളും, ബ്രഹ്മാവിന്റെ അസ്ത്രവും (ബ്രഹ്മാസ്ത്രവും) ശ്രീരാമന് നല്കി.

തതഃ സ ഗച്ഛൻ കാകുത്സ്ഥഃ സമാഗമ്യ ജടായുഷം,
വൈദേഹ്യാഃ പാലനായൈനം ശ്രദ്ധധേ പിതൃവത്സലം 5

ശ്രീരാമൻ അവിടെനിന്ന് പോയിട്ട് ജടായുവിനെ കാണുകയും, സീതയുടെ സംരക്ഷണത്തിനായി തന്റെ പിതാവായ ദശരഥന്റെ പ്രിയസുഹൃത്തായ അദ്ദേഹത്തിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

തതഃ പഞ്ചവടീം പ്രാപ്യ തത്ര ലക്ഷ്മണനിർമിതാം
പർണശാലാമധ്യുവാസ സീതയാ സഹിതം സുഖം 6

പിന്നീട് പഞ്ചവടി എന്ന സ്ഥലത്തെത്തി അവിടെ ലക്ഷ്മണൻ നിർമ്മിച്ച സീതയോടുകൂടി സുഖമായി നിവസിച്ചു.

തത്രാഭ്യേത്യൈകദാ രാമം വവ്രേ ശൂർപണഖാfഭികാ
തന്നിരസ്താ ലക്ഷ്മണം ച വവ്രേ സോfപി നിരാകരോത് 7

അവിടെ വെച്ച് ഒരിക്കൽ ശൂർപ്പണഖാ എന്നു പേരുള്ള ഒരു രാക്ഷസി കാമാസക്തയായി രാമനെ സമീപിക്കുകയും, രാമൻ

അവളെ നിരസിച്ചപ്പോൾ ലക്ഷ്മണനെ വരിക്കുകയും, അവളെ ലക്ഷ്മണനും നിരസിക്കുകയും ചെയ്തു.

രാമമേവ തതോ വവ്രേ കാമാർതാ കാമസന്നിഭം
പുനശ്ച ധിക്കൃതാ തേന സീതാമഭ്യദ്രവദ്രുഷാ 8

കാമാർത്തയായ അവൾ കാമദേവനെപ്പോലെ സുന്ദരനായ രാമനെ വീണ്ടും കാമപൂരണത്തിനായി സമീപിക്കുകയും, രാമനാൽ വീണ്ടും തിരസ്കരിക്കപ്പെട്ട അവൾ കോപം പൂണ്ട് സീതയെ ആക്രമിക്കുകയും ചെയ്തു.

ലക്ഷ്മണേന തതോ രോഷാത് കൃത്തശ്രവണനാസികാ
സാ തു ഗത്വാ ജനസ്ഥാനം ഖരായൈതന്യവേദയത് 9

അപ്പോൾ ലക്ഷ്മണനാൽ ചെവികളും, മൂക്കും ഛേദിക്കപ്പെട്ട അവളാകട്ടെ ജനസ്ഥാനത്ത് ചെന്നിട്ട് ഖരൻ എന്ന രാക്ഷസനോട് നടന്നതെല്ലാം പറഞ്ഞു.

തദാകർണ്യ ഖരഃ ക്രുദ്ധോ രാഘവം ഹന്തുമായയൗ
ദൂഷണത്രിശിരൈർമുഖ്യൈർയാതുധാനൈഃ സമന്വിതഃ 10

അതു കേട്ടിട്ട് ഖരൻ ക്രുദ്ധനായി ശ്രീരാമനെ വധിക്കുവാനായി ദൂഷണൻ, ത്രിശിരൻ, തുടങ്ങിയ രാക്ഷസന്മാരുമൊത്ത് ചിത്രകൂടത്തിൽ വന്നു.

തത്ക്ഷണം ലക്ഷ്മണേ സീതാം നിധായ രഘുനന്ദനഃ
ഖരം സഹാനുഗം സംഖ്യേ ജഘാന ലഘുവിക്രമഃ 11

വീരപരാക്രമിയായ ശ്രീരാമൻ ഉടനെ സീതയുടെ സംരക്ഷണം ലക്ഷ്മണനെ ഏല്പിച്ചശേഷം ഖരനെയും, അവന്റെ എല്ലാ സഹചരന്മാരെയും യുദ്ധത്തിൽ വധിച്ചു.

തതഃ ശൂർപണഖാ ഗത്വാ ലങ്കാം ശോകസമന്വിതാ
ന്യവേദയദ്രാവണായ വൃത്താന്തം സർവമാദിതഃ 12

അനന്തരം ശൂർപണഖ ദുഃഖിതയായി ലങ്കയിൽ ചെന്നിട്ട് ആദ്യം മുതൽ നടന്നതെല്ലാം രാവണനെ അറിയിച്ചു.

തച്ഛ്രുത്വാ രാവണഃ സീതാം ഹർത്തും കൃതമതിസ്തദാ
മാരീചസ്യാശ്രമം പ്രാപ്യ സാഹായ്യേ തമചോദയത് 13

അതു കേട്ടിട്ട് രാവണൻ സീതയെ അപഹരിക്കുവാൻ തീരുമാനിക്കുകയും, മാരീചന്റെ ആശ്രമത്തിൽ പോയി അവനോട് സഹായിക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തു.

സോഽപി സ്വർണമൃഗോ ഭൂത്വാ സീതായാ പ്രമുഖേഽചരത്
സാ തു തം മൃഗമാഹർതും ഭർതാരം സമയാചത 14

മാരീചൻ സ്വർണമാനായി വേഷം പൂണ്ട് സീതയുടെ മുമ്പിൽ സഞ്ചരിച്ചു. സീതയാകട്ടെ ആ മാനിനെ പിടിച്ചുകൊണ്ടു വരുവാൻ ഭർത്താവിനോട് അഭ്യർഥിക്കുകയും ചെയ്തു.

നിയുജ്യ ലക്ഷ്മണം സീതാം രക്ഷിതും രഘുനന്ദനഃ
അന്വഗച്ഛത് മൃഗം തൂർണം ദ്രവന്തം കാനനാന്തരേ 15

ശ്രീരാമൻ സീതയെ രക്ഷിക്കുന്നതിനായി ലക്ഷ്മണനെ നിയോഗിച്ചശേഷം കാട്ടിനകത്തേയ്ക്ക് വളരെ വേഗം ഓടുന്ന ആ മാനിനെ പിന്തുടരുകയും ചെയ്തു.

വിവ്യാധ ച മൃഗം രാമഃ സ നിജരൂപമാസ്ഥിതഃ
ഹാ സീതേ ലക്ഷ്മണേത്യേവം രുദൻ പ്രാണാൻ സമത്യജത് 16

ശ്രീരാമൻ ആ മാനിനെ അസ്ത്രം കൊണ്ടു പ്രഹരിച്ചപ്പോൾ മാരീചൻ തന്റെ യഥാർഥരൂപം കൈക്കൊണ്ട് "ഹാ സീതേ! ഹാ ലക്ഷ്മണാ!" എന്നിങ്ങനെ വിലപിച്ചുകൊണ്ട് പ്രാണനെ ത്യജിക്കുകയും ചെയ്തു.

ഏതദാകർണ്യ വൈദേഹ്യാ ലക്ഷ്മണശ്ചോദിതൊ ഭൃശം
തദ്രക്ഷാം ദേവതാഃ പ്രാർഥ്യ പ്രയയൗ രാഘവാന്തികം 17

ഇതുകേട്ടിട്ട് സീത ശക്തമായി നിർബന്ധിക്കയാൽ ലക്ഷ്മണൻ സീതയുടെ രക്ഷയ്ക്കായി ദേവതകളെ പ്രാർഥിച്ചുകൊണ്ട് രാമന്റെ അടുക്കലേയ്ക്ക് പുറപ്പെട്ടു.

തദന്തരം സമാസാദ്യ രാവണോ യതിരൂപധൃത്
സീതാം ഗൃഹീത്വാ പ്രയയൗ ഗഗനേന മുദാന്വിതഃ 18

തദവസരത്തിൽ രാവണൻ സന്യാസിവേഷം ധരിച്ചുവന്ന് സീതയെ അപഹരിച്ച് സന്തുഷ്ടനായി ആകാശമാർഗേ അവിടെ നിന്നും യാത്രയായി.

തതോ ജടായുരാലോക്യ നീയമാനാം തു ജാനകീം
പ്രാഹരദ്രാവണം പ്രാപ്യ തുണ്ഡപക്ഷനഖൈർഭൃശം 19

സീതയെ കൊണ്ടുപോകുന്നതു കണ്ടിട്ട് ജടായുവാകട്ടെ രാവണന്റെ അടുക്കൽ ചെന്ന് അവനെ തന്റെ കൊക്കു കൊണ്ടും, ചിറകുകൾ കൊണ്ടും, നഖങ്ങൾ കൊണ്ടും ശക്തമായി പ്രഹരിച്ചു.

ഛിത്വൈനം ചന്ദ്രഹാസേന പാതയിത്വാ ച ഭൂതലേ
ഗൃഹീത്വാ രാവണഃ സീതാം പ്രാവിശൻ നിജമന്ദിരം 20

രാവണൻ ജടായുവിനെ ചന്ദ്രഹാസം എന്ന പേരുള്ള തന്റെ വാൾ കൊണ്ട് മുറിവേല്പിച്ചിട്ട് നിലത്തുവീഴ്ത്തിയ ശേഷം (പുഷ്പകവിമാനത്തിൽ യാത്രചെയ്ത് ലങ്കയിലെത്തി) സീതയെയും കൊണ്ട് സ്വന്തം കൊട്ടാരത്തിലേയ്ക്ക് പ്രവേശിച്ചു.

അശോകവനികാമധ്യേ സംസ്ഥാപ്യ ജനകാത്മജാം
രാവണോ രക്ഷിതും ചൈനാം നിയുയോജ നിശാചരീഃ 21

രാവണൻ സീതയെ അശോകവനികയിൽ (ഉദ്യാനത്തിൽ) താമസിപ്പിച്ച്, സീതയെ കാക്കുവാനായി രാക്ഷസിമാരെ നിയോഗിക്കുകയും ചെയ്തു.

ഹത്വാ രാമസ്തു മാരീചം ആഗച്ഛൻദനുജേരിതാം
വാർതാമകർണ്യ ദുഃഖാർതഃ പർണശാലാമുപാഗമത് 22

മാരീചനെ വധിച്ചിട്ട് മടങ്ങിയ ശ്രീരാമൻ (വഴിയിൽ ലക്ഷ്മണനെ കണ്ടുമുട്ടുകയും) അനുജൻ പറഞ്ഞ വാർത്ത കേട്ട് ദുഃഖാർത്തനായി പർണശാലയിലെത്തുകയും ചെയ്തു.

അദൃഷ്ട്വാ തത്ര വൈദേഹീം വിചിന്വാനോ വനാന്തരേ
സഹാനുജോ ഗൃധ്രരാജം ഛിന്നപക്ഷം ദദർശ സഃ 23

അവിടെ സീതയെ കാണാഞ്ഞിട്ട് കാട്ടിനുള്ളിൽ സീതയെ അന്വേഷിച്ചുകൊണ്ടിരുന്ന ശ്രീരാമനും ലക്ഷ്മണനും ചിറകറ്റു കിടക്കുന്ന പക്ഷിരാജനെ (ജടായുവിനെ) കണ്ടുമുട്ടി.

തേനോക്താം ജാനകീവാർതാം ശ്രുത്വാ പശ്ചാന്മൃതം ച തം
ദഗ്ധ്വാ സഹാനുജോ രാമഃ ചക്രേ തസ്യോദകക്രിയാം 24

ജടായു പറഞ്ഞ സീതാപഹരണവാർത്ത കേട്ടിട്ട്, അതുകഴിഞ്ഞ് മരണമടഞ്ഞ ജടായുവിനെ ശ്രീരാമൻ ലക്ഷ്മണ സമേതനായി ദഹിപ്പിച്ച് ഉദകക്രിയയും ചെയ്തു.

ആത്മനോഽഭിഭവം പശ്ചാത് കുർവതീം പഥി ലക്ഷ്മണഃ
അയോമുഖീം ചകാരാശു കൃത്തശ്രവണനാസികാം 25

(ലക്ഷ്മണൻ ശ്രീരാമനു വേണ്ടി വെള്ളം കൊണ്ടുവരുവാൻ പോയപ്പോൾ) വഴിയിൽ (കാമാസക്തയായി) തന്നെ സമീപിക്കുകയും, പിന്നെ ആക്രമിക്കുകയും ചെയ്ത അയോമുഖി എന്ന രാക്ഷസിയുടെ ചെവികളും, മൂക്കും ലക്ഷ്മണൻ മുറിക്കുകയുണ്ടായി.

ഗൃഹീതൗ തൗ കബന്ധേന ഭുജൗ തസ്യ ന്യകൃന്തതാം
തതസ്തു യാചിതൗ തേന തദ്ദേഹം ദേഹതുശ്ച തൗ 26

കബന്ധൻ എന്ന രാക്ഷസനാൽ പിടിക്കപ്പെട്ട ശ്രീരാമനും ലക്ഷ്മണനും അവന്റെ കൈകൾ മുറിച്ചുകളയുകയും. പിന്നീട് അവൻ അഭ്യർഥിച്ചതനുസരിച്ച് അവർ അവന്റെ ശരീരം ദഹിപ്പിക്കുകയും ചെയ്തു.

സ തു ദിവ്യാകൃതിർഭൂത്വാ രാമം സീതോപലബ്ധയേ
സുഗ്രീവമൃഷ്യമൂകസ്ഥം യാഹീത്യുക്ത്വാ ദിവം യയൗ 27

കബന്ധനാകട്ടെ ദിവ്യരൂപിയായിത്തീർന്ന് രാമനോട് സീതയെ വീണ്ടെടുക്കുന്നതിനായി ഋഷ്യമൂകപർവ്വതത്തിൽ വസിക്കുന്ന സുഗ്രീവനെ സമീപിക്കു എന്നു പറഞ്ഞിട്ട് സ്വർഗം പൂകി.

തതഃ പ്രീതോ രഘുശ്രേഷ്ഠഃ ശബര്യാശ്രമമഭ്യയാത്
തയാഽഭിപൂജിതോ പശ്ചാത് പമ്പാം പ്രാപ സലക്ഷ്മണഃ 28

അപ്പോൾ ശ്രീരാമൻ സന്തുഷ്ടനായി ശബരിയുടെ ആശ്രമത്തിലേയ്ക്കു പോയി. ശബരിയാൽ ബഹുമാനിതനായിട്ട് പിന്നീട് ലക്ഷ്മണനോടൊത്ത് പമ്പയിലെത്തിച്ചേർന്നു.

ഇതി ശ്രീരാമോദന്തേ ആരണ്യകാണ്ഡഃ സമാപ്തഃ
ഇതോടെ ശ്രീരാമോദന്തത്തിലെ ആരണ്യകാണ്ഡം സമാപിച്ചു.

അഥ കിഷ്കിന്ധാകാണ്ഡഃ

ഹനൂമാനഥ സുഗ്രീവനിർദിഷ്ടോ രാമലക്ഷ്മണൗ
പ്രാപ്യ ശ്രുത്വാ തു വൃത്താന്തം തേന തൗ സമയോജയത് 1

സുഗ്രീവൻ നിർദേശിച്ചതനുസരിച്ച് ഹനൂമാൻ രാമലക്ഷ്മണന്മാരുടെ അടുക്കലെത്തിയിട്ട് അവരുടെ വിശേഷങ്ങൾ കേട്ടശേഷം അവരെ സുഗ്രീവന്റെയടുക്കൽ കൊണ്ടുപോയി.

തതോ രാമസ്യ വൃത്താന്തം സുഗ്രീവായ നിവേദ്യ സഃ
സഖ്യം ച കാരയാമാസ തയോഃ പാവകസന്നിധൗ 2

അനന്തരം ഹനൂമാന ശ്രീരാമന്റെ സീതാപഹരണവാർത്ത സുഗ്രീവനെ അറിയിച്ചശേഷം അവരെക്കൊണ്ട് അഗ്നിസാക്ഷിയായി സന്ധി ചെയ്യിച്ചു.

പ്രതിജജ്ഞേ തദാ രാമോ ഹനിഷ്യാമീതി വാലിനം
ദർശയിഷ്യാമി വൈദേഹീം ഇത്യന്യേന ച സംശ്രുതം 3

അപ്പോൾ ശ്രീരാമൻ താൻ ബാലിയെ വധിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും, സുഗ്രീവൻ സീതയെ കണ്ടുപിടിച്ചു നൽകാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

സുഗ്രീവേണാഥ രാമായ ഭ്രാതൃവൈരസ്യ കാരണം
നിവേദിതമശേഷം ച ബലാധിക്യം ച തസ്യ തത് 4

അതിനുശേഷം സുഗ്രീവൻ സഹോദരനായ ബാലിയുമായുള്ള വൈരത്തിനു കാരണമെന്താണെന്നും, ബാലിയുടെ അതിയായ ബലത്തെക്കുറിച്ചും ശ്രീരാമനെ അറിയിച്ചു.

തത്ക്ഷണം ദുന്ദുഭേഃ കായം സുഗ്രീവേണ പ്രദർശിതം
സുദൂരം പ്രേഷയാമാസ പാദാംഗുഷ്ഠേന രാഘവഃ 5

സുഗ്രീവൻ കാണിച്ചുതന്ന ദുന്ദുഭിയുടെ മൃതശരീരത്തെ ശ്രീരാമൻ ഉടൻ തന്നെ തന്റെ കാലിന്റെ തള്ളവിരൽ കൊണ്ട് വളരെദൂരത്തേയ്ക്ക് എറിഞ്ഞു.

പുനശ്ച ദർശിതാംസ്തേന സാലാൻ സപ്ത രഘൂത്തമഃ
ബാണേനൈകേന ചിച്ഛേദ സാർധം തസ്യാനുശങ്കയാ 6

സുഗ്രീവൻ പിന്നീട് കാണിച്ച ഏഴ സാലവൃക്ഷങ്ങളെയും, ശ്രീരാമന്റെ കഴിവിൽ സുഗ്രീവനുള്ള ശങ്കയെയും ശ്രീരാമൻ ഒരൊറ്റ അസ്ത്രം കൊണ്ട് ഛേദിച്ചുകളഞ്ഞു.

കിഷ്കിന്ധാം പ്രാപ്യ സുഗ്രീവസ്തതോ രാമസമന്വിതഃ
ജഗർജാതീവസംഹൃഷ്ടഃ കോപയൻ വാനരാധിപം 7

സുഗ്രീവൻ ശ്രീരാമനോടൊത്ത് കിഷ്കിന്ധയിലെത്തി വാനര രാജാവായ ബാലിയെ ദേഷ്യപ്പെടുത്തിക്കൊണ്ട് അതീവ സന്തുഷ്ടനായി ഗർജിച്ചു.

വാലീ നിഷ്ക്രമ്യ സുഗ്രീവം സമരേഽപീഡയത് ഭൃശം
സോഽപി സംഭഗ്നസർവാംഗഃ പ്രധാവദ്രാഘവാന്തികം 8

ബാലി പുറത്തുവന്നിട്ട് സുഗ്രീവനെ മല്ലയുദ്ധത്തിൽ വളരെയധികം പീഡിപ്പിക്കുകയും സുഗ്രീവൻ ശരീരമാസകലം മുറിവേറ്റവനായി ശ്രീരാമന്റെ അടുക്കൽ ഓടിപ്പോകുകയും ചെയ്തു.

കൃതചിഹ്നസ്തു രാമേണ പുനരേവ സ വാലിനം
രണായാഹ്വയത ക്ഷിപ്രം തസ്ഥൗ രാമസ്തിരോഹിതഃ 9

അപ്പോൾ ശ്രീരാമനാൽ തിരിച്ചറിയുവാനായി അടയാളപ്പെടുത്തപ്പെട്ട സുഗ്രീവൻ വീണ്ടും ബാലിയുടെ അടുക്കൽ ചെന്നിട്ട് അവനെ യുദ്ധത്തിനായി ക്ഷണിച്ചു. ശ്രീരാമൻ ഒരിടത്ത് ഒളിച്ച് നില്ക്കുകയും ചെയ്തു.

ഹേമമാലീ തതോ വാലീ താരയാഭിഹിതം ഹിതം
നിരസ്യ കുപിതോ ഭ്രാത്രാ രണം ചക്രേ സുദാരുണം 10

അപ്പോൾ സ്വർണമാലയണിഞ്ഞവനായ ബാലി തന്റെ ഭാര്യയായ താര പറഞ്ഞ നല്ലവാക്കുകളെ തിരസ്കരിച്ചുകൊണ്ട് ദേഷ്യത്തോടെ സുഗ്രീവനുമായി അതിദാരുണമായി യുദ്ധം ചെയ്തു.

ബാണേന വാലിനം രാമോ വിധ്വാ ഭൂമൗ ന്യപാതയത്
സോഽപി രാമ ഇതി ജ്ഞാത്വാ ദേഹം ത്യക്ത്വാ ദിവം യയൗ 11

ശ്രീരാമൻ അമ്പെയ്ത് ബാലിയെ നിലത്തുവീഴ്ത്തി. ബാലിയാകട്ടെ തന്നെ വധിച്ചത് ശ്രീരാമനാണെന്നറിഞ്ഞിട്ട് ശരീരം ത്യജിച്ച് സ്വർഗം പൂകി.

പശ്ചാത്തപന്തം സുഗ്രീവം സമാശ്വാസ്യ രഘൂത്തമഃ
വാനരാണാമധിപതിം ചകാരാശ്രിതവത്സലഃ 12

ഇതുകഴിഞ്ഞ് പശ്ചാത്താപിച്ചുകൊണ്ടിരുന്ന സുഗ്രീവനെ ആശ്രിതവത്സലനായ ശ്രീരാമൻ ആശ്വസിപ്പിക്കുകയും അവനെ വാനരരാജാവായി വാഴിക്കുകയും ചെയ്തു.

തതോ മാല്യവതഃ പൃഷ്ഠേ രാമോ ലക്ഷ്മണസംയുതഃ
ഉവാസ ചതുരോ മാസാൻ സീതവിരഹദുഃഖിതഃ 13

അനന്തരം മാല്യവത് പർവ്വതത്തിന്റെ മുകളിൽ ശ്രീരാമൻ ലക്ഷ്മണനുമൊത്ത് സീതാവിരഹത്തിൽ ദുഃഖിച്ചു കൊണ്ട് നാലു മാസം താമസിച്ചു.

അഥ രാമസ്യ നിർദേശാത് ലക്ഷ്മണോ വാനരാധിപം
ആനയത് പ്ലവഗൈഃ സാർധം ഹനൂമത്പ്രമുഖൈർഗിരിം 14

അതിനുശേഷം ശ്രീരാമൻ നിർദേശിച്ചതനുസരിച്ച് ലക്ഷ്മണൻ വാനരാധിപനായ സുഗ്രീവനെയും അതോടൊപ്പം ഹനുമാന്റെ നേതൃത്വത്തിലുള്ള വാനരന്മാരെയും (ശ്രീരാമൻ വസിച്ചിരുന്ന) പർവതത്തിലേയ്ക്ക് കൊണ്ടുവന്നു.

സുഗ്രീവോ രാഘവം ദൃഷ്ട്വാ വചനാത്തസ്യ വാനരാൻ
ന്യയുങ്ക്തഃ സീതാമന്വേഷ്ടും ആശാസു ചതസൃഷ്വപി 15

സുഗ്രീവൻ ശ്രീരാമനെ കണ്ടശേഷം അദ്ദേഹം പറഞ്ഞ തനുസരിച്ച് സീതയെ നാലുദിക്കുകളിലും അന്വേഷിക്കുന്ന തിനായി വാനരന്മാരെ നിയോഗിച്ചു.

തതോ ഹനുമതഃ പാണൗ ദദൗ രാമോംഗുലീയകം
വിശ്വാസായ തു വൈദേഹ്യാ തദ്ഗൃഹീത്വാ സ നിർയയൗ 16

അനന്തരം ശ്രീരാമൻ സീതയ്ക്കു വിശ്വാസം വരുന്നതിനായി ഒരു മോതിരം ഹനുമാനെ ഏല്പിച്ചു. അതു വാങ്ങിയിട്ട് ഹനുമാൻ (സീതയെ അന്വേഷിക്കുന്നതിനായി) യാത്ര പുറപ്പെട്ടു.

തതോ ഹനുമത്പ്രമുഖാ വാനരാ ദക്ഷിണാം ദിശം
ഗത്വാ സീതാം വിചിന്വന്തഃ പർവതം വിന്ധ്യമാപ്ലവൻ 17

അപ്പോൾ ഹനുമാന്റെ നേതൃത്വത്തിലുള്ള വാനരന്മാർ തെക്കുദിക്കിലേയ്ക്കു പോയി സീതയെ അന്വേഷിച്ചുകൊണ്ട് വിന്ധ്യപർവതത്തിലെത്തിച്ചേർന്നു.

സമയാതിക്രമാത്തത്ര ചക്രുഃ പ്രായോപവേശനം
തേ/ത്ര സമ്പാതിനാ പ്രോക്താം സീതാവാർതാം ച സുശ്രുവുഃ 18

(സീതയെ അന്വേഷിച്ചുകണ്ടെത്താൻ) അനുവദിച്ച സമയം അതിക്രമിച്ചതുകൊണ്ട് (വാനരന്മാർ മരിക്കുവാൻ തീരുമാനിച്ചു കൊണ്ട്) പ്രായോപവേശനം ചെയ്തു. അപ്പോൾ സമ്പാതിയിൽ നിന്ന് അവർ സീതയെ ക്കുറിച്ചുള്ള വിവരം കേൾക്കുക യുണ്ടായി.

തതഃ പ്രാപുരുദന്വന്തം അംഗദാദ്യാഃ പ്ലവംഗമാഃ
താം വിലംഘയിതും തേഷാം ന കശ്ചിദഭവത് ക്ഷമഃ 19

അതുകഴിഞ്ഞ് അംഗദൻ തുടങ്ങിയ വാനരന്മാർ സമുദ്ര തീരത്തെത്തിച്ചേർന്നു. അവരിലാരും തന്നെ സമുദ്രത്തെ തരണം ചെയ്യുവാൻ കഴിവുള്ളവർ ആയിരുന്നില്ല.

സ്വപ്രഭാവപ്രശംസാഭിസ്തദാ ജാംബവദുക്തിഭിഃ
സംവർധിതോ മഹേന്ദ്രാദ്രിം ആരുരോഹാനിലാത്മജഃ 20

തന്നെ പ്രശംസിച്ചുകൊണ്ടുള്ള ജാംബവാന്റെ വാക്കുകൾ കേട്ടിട്ട് ഹനുമാൻ ശരീരം വലുതാക്കിയിട്ട് മഹേന്ദ്രപർവ്വത്തിനു മുകളിൽ കയറി.

ഇതി ശ്രീരാമോദന്തേ കിഷ്കിന്ധാകാണ്ഡഃ സമാപ്തഃ
ഇതോടെ ശ്രീരാമോദന്തത്തിലെ കിഷ്കിന്ധാകാണ്ഡം സമാപിച്ചു.

അഥ സുന്ദരകാണ്ഡഃ

അഭിവാദ്യാഥ സകലാനമരാൻ പവനാത്മജഃ
പുപ്ലുവേ ച ഗിരേസ്തസ്മാത് വിലംഘയിതുമർണവം 1

ഹനുമാൻ സകലദേവന്മാരെയും വന്ദിച്ചശേഷം സമുദ്രം തരണം ചെയ്യുന്നതിനായി ആ പർവതത്തിൽ നിന്ന് എടുത്തു ചാടി.

സ സമുല്ലംഘ്യ മൈനാകം സുരസാമഭിവാദ്യ ച
നിഹത്യ സിംഹികാം നീത്യാ പരം പ്രാപ മഹോദധേഃ 2

ഹനുമാൻ (സമുദ്രത്തിലാഴ്ന്നിരിക്കുന്ന) മൈനാകപർവതം കടന്നശേഷം സുരസയെ അഭിവാദനം ചെയ്തിട്ട്, സിംഹികയെ നയപൂർവ്വം കൊന്നിട്ട്, കടലിന്റെ മറുകരയിലെത്തിച്ചേർന്നു.

ലങ്കാധിദേവതാം ജിത്വാ താം പ്രവിശ്യാനിലാത്മജഃ
സീതാം വിചിന്വന്നദ്രാക്ഷീത് നിദ്രാണം നിശി രാവണം 3

ലങ്കാധിദേവതയെ ജയിച്ചിട്ട് ഹനുമാൻ ലങ്കയിൽ പ്രവേശിച്ചു. സീതയെ അന്വേഷിച്ചുകൊണ്ടിരുന്നപ്പോൾ രാത്രി ഉറങ്ങിക്കൊണ്ടിരുന്ന രാവണനെ കണ്ടു.

അപശ്യംസ്തത്ര വൈദേഹീം വിചിന്വാനസ്തതസ്തതഃ
അശോകവനികാം ഗത്വാ സീതാം ഖിന്നാം ദദർശ സഃ 4

പിന്നീട്, ഹനുമാൻ സീതയെ അവിടെയും ഇവിടെയും അന്വേഷിച്ചുകൊണ്ട് അശോകവനികയിൽ എത്തിയപ്പോൾ ദുഃഖിതയായിരിക്കുന്ന സീതയെ കണ്ടു.

പാദപം കഞ്ചിദാരുഹ്യ തത്പലാശൈഃ സുസംവൃതഃ
ആസ്തേ സ്മ മാരുതിസ്തത്ര സീതേയമിതി തർകയന് 5

ഇവൾ (താൻ കണ്ട സ്ത്രീ) സീത തന്നെയാണെന്ന് ഊഹിച്ചുകൊണ്ട് ഹനുമാൻ ഒരു വൃക്ഷത്തിൽ കയറി അതിന്റെ ഇലകളാൽ നന്നായി മറയ്ക്കപ്പെട്ട് ഇരുന്നു.

രാവണസ്തു തദാഽഭ്യേത്യ മൈഥിലീം മദനാർദിതഃ
ഭാര്യാ ഭവ മമേത്യേവം ബഹുധാ സമയാചത 6

അപ്പോൾ കാമപീഡിതനായ രാവണൻ അവിടെയെത്തി സീതയോട് "നീ എന്റെ ഭാര്യയാകൂ" എന്നിങ്ങനെ പലവിധത്തിലും അഭ്യർഥിച്ചു.

അഹം ത്വദനുഗാ ന സ്യാം ഇത്യേഷാ തം നിരാകരോത്
കാമമന്യുപരീതാത്മാ രാവണോഽഥ ഗൃഹം യയൗ 7

"ഞാൻ നിന്റെ അനുഗാമി (പറഞ്ഞതനുസരിക്കുന്നവൾ) ആകുകയില്ല" എന്നു പറഞ്ഞ് സീത രാവണനെ തിരസ്കരിച്ചു. കാമവും, ദേഷ്യവും നിറഞ്ഞ മനസ്സോടെ രാവണൻ വീട്ടിലേയ്ക്ക് പോകുകയും ചെയ്തു.

ഗതേ തു രാവണേ സീതാം പ്രലപന്തീം സ മാരുതിഃ
ഉക്ത്വാ രാമസ്യ വൃത്താന്തം പ്രദദൗ ചാംഗുലീയകം 8

രാവണൻ പോയതിനുശേഷം കരഞ്ഞുകൊണ്ടിരുന്ന സീതയോട് ഹനുമാൻ ശ്രീരാമന്റെ വാർത്തകൾ പറഞ്ഞിട്ട് മോതിരം നല്കുകയും ചെയ്തു.

തത്സമാദായ വൈദേഹീ വിലപ്യ ച ഭൃശം പുനഃ
ചൂഡാമണിം ദദൗ തസ്യ കരേ സാ മാരുതേഃ പ്രിയം 9

ആ മോതിരം വാങ്ങിച്ചിട്ട് ഒന്നുകൂടി ശക്തമായി വിലപിച്ച ശേഷം സീത തനിയ്ക്ക് പ്രിയപ്പെട്ട ചൂഡാമണി ഹനുമാന്റെ കൈയ്യിലേല്പിച്ചു.

മാ വിഷാദം കൃഥാ ദേവി രാഘവോ രാവണം രണേ
ഹത്വാ ത്വാം നേഷ്യതീത്യേനാം ആശ്വസ്യ സ വിനിർയയൗ 10

ഹനുമാൻ സീതയോട് "ദേവി, അവിടുന്ന് ദുഃഖിക്കരുത്, ശ്രീരാമൻ രാവണനെ യുദ്ധത്തിൽ കൊന്നിട്ട് ദേവിയെ കൊണ്ടുപോകും" എന്നു പറഞ്ഞ് സീതയെ ആശ്വസിപ്പിച്ചിട്ട് അവിടെ നിന്ന് യാത്രയായി.

നീതിമാൻ സോഽപി സംചിന്ത്യ ബഭഞ്ജോപവനം ച തത്
അക്ഷാദീനി ച രക്ഷാംസി ബഹൂനി സമരേഽവധീത് 11

നയനിപുണനായ ഹനുമാൻ വളരെ ചിന്തിച്ച ശേഷം ആ ഉദ്യാനത്തെ നശിപ്പിക്കുകയും, (പിന്നീട് ഉണ്ടായ) യുദ്ധത്തിൽ

(രാവണപുത്രനായ) അക്ഷകുമാരനെയും, മറ്റനേകം രാക്ഷസന്മാരെയും വധിക്കുകയും ചെയ്തു.

തതഃ ശക്രജിതാ യുദ്ധേ ബദ്ധഃ പവനനന്ദനഃ
പ്രതാപം രഘുനാഥസ്യ രാവണായ ന്യവേദയത് 12

അനന്തരം ഇന്ദ്രജിത് എന്ന രാവണപുത്രനാൽ ബദ്ധനായ ഹനൂമാൻ ശ്രീരാമന്റെ പ്രതാപത്തിനെക്കുറിച്ച് (ശക്തിയെക്കുറിച്ച്) രാവണനോട് വിവരിച്ചു.

രക്ഷോദീപിതലാംഗുലഃ സ തു ലങ്കാമശേഷതഃ
ദഗ്ധ്വാ സാഗരമുത്തീര്യ വാനരാൻ സമുപാഗമത് 13

പിന്നീട് രാക്ഷസന്മാരാൽ തീ വെയ്ക്കപ്പെട്ട വാലോടുകൂടിയവനായ ഹനൂമാൻ ലങ്കയെ മുഴുവൻ കത്തിച്ചശേഷം സമുദ്രം കടന്ന് വാനരന്മാരുടെ അടുക്കലെത്തി.

സ ഗത്വാ വാനരൈഃ സാകം രാഘവായാത്മനാ കൃതം
നിവേദയിത്വാ സകലം ദദൗ ചൂഡാമണിം ച തം 14

അവൻ (ഹനൂമാൻ) വാനരന്മാരുമൊത്ത് ശ്രീരാമസമീപം എത്തിയിട്ട് ശ്രീരാമനോട് താൻ ചെയ്തതെല്ലാം വിവരിച്ച ശേഷം (സീത നല്കിയതായ ചൂഡാമണി) ശ്രീരാമനു നല്കി.

ഇതി ശ്രീരാമോദന്തേ സുന്ദരകാണ്ഡഃ സമാപ്തഃ
ഇതോടെ ശ്രീരാമോദന്തത്തിലെ സുന്ദരകാണ്ഡം സമാപിച്ചു.

അഥ യുദ്ധകാണ്ഡഃ

അഥാസംഖ്യൈഃ കപിഗണൈഃ സുഗ്രീവപ്രമുഖൈഃ സഹ
നിർയയൗ രാഘവസ്തൂർണം തീരം പ്രാപ മഹോദധേഃ 1

അനന്തരം സുഗ്രീവന്റെ നേതൃത്വത്തിലുള്ള അസംഖ്യം വാനരക്കൂട്ടങ്ങളോടുകൂടി ശ്രീരാമൻ വളരെ വേഗം തന്നെ അവിടെ നിന്ന് പുറപ്പെട്ട് സമുദ്രതീരത്ത് എത്തിച്ചേർന്നു.

തദാ വിഭീഷണോ ഭ്രാത്രാ ത്യക്തോ രാമമുപാഗമത്
ലങ്കാധിപത്യേഽഭ്യഷിഞ്ചത് ഏനം രാമോഽരിമർദനഃ 2

അപ്പോൾ വിഭീഷണൻ തന്റെ സഹോദരനാൽ ഉപേക്ഷിക്കപ്പെട്ടവനായിട്ട് ശ്രീരാമനെ സമീപിച്ചു. ശത്രുനാശകനായ ശ്രീരാമൻ വിഭീഷണനെ ലങ്കാധിപതിയായി അഭിഷേകം ചെയ്തു.

ഉക്തമാർഗഃ സമുദ്രേണ തത്ര സേതും നളേന സഃ
കാരയിത്വാ തേന ഗത്വാ സുവേലാം പ്രാപ പർവതം 3

സമുദ്രദേവതയായ വരുണൻ പറഞ്ഞുതന്ന വഴിയനുസരിച്ച് നളനെക്കൊണ്ട് ചിറ നിർമ്മിച്ചിട്ട് ശ്രീരാമൻ അതു കടന്ന് (ലങ്കയിലുള്ള) സുവേലപർവതത്തിൽ എത്തിച്ചേർന്നു.

തതോ രാഘവനിർദിഷ്ടാഃ നീലമുഖ്യാഃ പ്ലവംഗമാഃ
രുരുധുഃ സർവതോ ലങ്കാം വൃക്ഷപാഷാണപാണയഃ 4

അപ്പോൾ ശ്രീരാമൻ നിർദ്ദേശിച്ചതനുസരിച്ച് നീലന്റെ നേതൃത്വത്തിൽ വാനരന്മാർ കൈകളിൽ വൃക്ഷങ്ങളും, പാറ ക്കഷ്ണങ്ങളുമേന്തി ലങ്കയെ എല്ലാ ഭാഗത്തുനിന്നും ഉപരോധിച്ചു.

രാവണസ്യ നിയോഗേന നിർഗതാന് യുധി രാക്ഷസാൻ
പ്രഹസ്തപ്രമുഖാൻ ഹത്വാ നേദുസ്തേ സിംഹവിക്രമാഃ 5

രാവണന്റെ നിർദ്ദേശമനുസരിച്ച് യുദ്ധത്തിനു പുറപ്പെട്ട പ്രഹസ്തന്റെ നേതൃത്വത്തിലുള്ള രാക്ഷസന്മാരെ കൊന്നിട്ട് സിംഹതുല്യപരാക്രമികളായ അവർ (മേൽപറഞ്ഞ വാനരന്മാർ) ഗർജിച്ചു.

സുഗ്രീവശ്ച ഹനൂമാംശ്ച തഥാ രാഘവലക്ഷ്മണൗ
രാക്ഷസാൻ സുബഹൂൻ യുദ്ധേ ജഘ്നുർഭീമപരാക്രമാഃ 6

ഭീമപരാക്രമികളായ സുഗ്രീവനും, ഹനൂമാനും, ശ്രീരാമ ലക്ഷ്മണന്മാരും വളരെയധികം രാക്ഷസന്മാരെ യുദ്ധത്തിൽ വധിച്ചു.

രാവണിസ്തു തതോഽഭ്യേത്യ സമരേ രാമലക്ഷ്മണൗ
നനാഹ നാഗപാശേന നാഗാരിസ്തൗ വ്യമോചയത് 7

അപ്പോൾ രാവണപുത്രനായ ഇന്ദ്രജിത്ത് അവിടെയെത്തി യുദ്ധത്തിൽ ശ്രീരാമലക്ഷ്മണന്മാരെ നാഗപാശം കൊണ്ട് ബന്ധിച്ചു. അവരെ ഗരുഡൻ മോചിപ്പിക്കുകയും ചെയ്തു.

രാവണോ*f*പി തതോ യുദ്ധേ രാഘവേന പരാജിതഃ
കുംഭകർണം പ്രബോധ്യാശു രാമം ഹന്തും ന്യയുങ്ക്ത ച 8

പിന്നീടുണ്ടായ യുദ്ധത്തിൽ ശ്രീരാമനാൽ പരാജിതനായ രാവണൻ ഉടനെ കുഭകർണനെ ഉണർത്തിയിട്ട് ശ്രീരാമനെ വധിക്കുവാൻ അവനെ നിയോഗിക്കുകയും ചെയ്തു.

തതോ വാനരസംഘാംശ്ച ഭക്ഷയന്തം നിശാചരം
ഇന്ദ്രേണാസ്ത്രേണ രാമോ*f*പി നിജഘാന രണേ ഭൃശം 9

അനന്തരം വാനരക്കൂട്ടങ്ങളെ ഭക്ഷിച്ചുകൊണ്ടിരുന്ന കുംഭകർണനെ യുദ്ധത്തിൽ ശ്രീരാമൻ ഐന്ദ്രാസ്ത്രം കൊണ്ട് സമർഥമായി വധിക്കുകയും ചെയ്തു.

തതോ രാവണസന്ദിഷ്ടൗ ദേവാന്തകനരാന്തകൗ
ഹനൂമദംഗദാഭ്യാം തു നിഹതൗ രണമൂർദ്ധനി 10

അതിനുശേഷം രാവണൻ അയച്ചവരായ ദേവന്തകൻ, നരാന്തകൻ എന്നിവർ ഹനൂമാൻ, അംഗദൻ എന്നിവരാൽ യുദ്ധത്തിന്റെ മൂർച്ഛയില് കൊല്ലപ്പെട്ടു.

അഥാ*f*തികായമായാന്തം രഥമാരുഹ്യ വാഹിനീം
അർദയന്തം മഹാകായം ലക്ഷ്മണശ്ചാ*f*വധീച്ഛരൈഃ 11

അനന്തരം മഹാകായനും, രഥത്തിലേറിവരുന്നവനും, വാനര പ്പടയെ നശിപ്പിക്കുന്നവനുമായ അതികായനെന്ന രാക്ഷസനെ ലക്ഷ്മണൻ അമ്പെയ്തുകൊന്നു.

തതോ രാവണസന്ദിഷ്ടഃ ശക്രജിത് രാഘവൗ രണേ
ബ്രഹ്മാസ്ത്രേണ ച തൗ ബദ്ധ്വാ വാനരാംശ്ചാഽവധീച്ഛരൈഃ 12

അതിനുശേഷം രാവണൻ അയച്ചവനായ ഇന്ദ്രജിത്ത് യുദ്ധത്തിൽ ബ്രഹ്മാസ്ത്രം കൊണ്ട് ബന്ധിച്ചശേഷം (അനേകം) വാനരന്മാരെ അമ്പെയ്ത്തു കൊന്നു[1].

അഥ ജാംബവതോ വാക്യാത് ഗത്വാ ചൗഷധിപർവതം
മാരുതിശ്ചൗഷധീസ്തത്രാഽദൃഷ്ട്വാ കോപം ചകാര സഃ 13

അപ്പോൾ ഹനുമാൻ ജാംബവാൻ ഉപദേശിച്ചതനുസരിച്ച് ഔഷധങ്ങളുള്ള പർവതത്തിലേയ്ക്ക് പോയിട്ട് അവിടെ (തനിക്കാവശ്യമുള്ള) മരുന്നുചെടികൾ കാണാത്തതിനാൽ കുപിതനായി.

ഭൂധരം തം സമുത്പാട്യ ഗൃഹീത്വാ പുനരാഗതഃ
താസാം ഗന്ധേന വൈ സർവാന് രാഘവാദീനജീവയത് 14

ഹനുമാൻ ആ പർവതത്തെ മുഴുവനായി പിഴുതെടുത്തുകൊണ്ട് തിരിച്ചുവന്നു. ആ മരുന്നുചെടികളുടെ ഗന്ധമേറ്റിട്ട് ശ്രീരാമ നെയും മറ്റുള്ളവരെയും പുനർജീവിപ്പിച്ചു.

രാവണഃ കപിഭിർദഗ്ധാം പുരീം വീക്ഷ്യ രുഷാഽന്വിതഃ
ന്യയുങ്ക്ത കുംഭകർണസ്യ പുത്രൗ ഹന്തും ച രാഘവൗ 15

---

[1] ബ്രഹ്മാസ്ത്രത്തിന്റെ ആഘാതത്താൽ രാമലക്ഷ്മണന്മാരും വാനരവീരന്മാരും മോഹാലസ്യപ്പെട്ടുകിടന്നുവെന്ന് വാല്മീകീരാമായണത്തിൽ പറയുന്നു.

വാനരന്മാരാൽ തീ വെയ്ക്കപ്പെട്ട തന്റെ നഗരത്തിനെക്കണ്ടിട്ട് കോപം പൂണ്ട രാവണൻ ശ്രീരാമലക്ഷ്മണന്മാരെ വധിക്കുവാൻ കുംഭകർണന്റെ പുത്രന്മാരെ (കുംഭനെയും, നികുംഭനെയും) നിയോഗിച്ചു.

അഥാർദയന്തൗ തത്സൈന്യം വീക്ഷ്യ തൗ ബലശാലിനൗ
കുംഭം രാമോƒവധീദ്ബാണൈഃ നികുംഭം ചാത്മജോ രവേഃ 16

അതിനുശേഷം ആ ബലശാലികൾ വാനരസൈന്യത്തെ നശിപ്പിക്കുന്നതുകണ്ടിട്ട് ശ്രീരാമൻ അമ്പെയ്ത് കുംഭനെയും, സുഗ്രീവൻ നികുംഭനെയും വധിച്ചു.

തതഃ ഖരാത്മജം തേന രാവണേന പ്രചോദിതം
പീഡയന്തം കപീൻ ബാണൈർജഘാനാസ്ത്രേണ രാഘവഃ 17

പിന്നീട് ആ രാവണനാൽ അയയ്ക്കപ്പെട്ട് യുദ്ധത്തിനുവന്നവനും, (യുദ്ധത്തിൽ) വാനരന്മാരെ അമ്പെയ്ത് പീഡിപ്പിക്കുന്നവനുമായ ഖരന്റെ പുത്രനെ ശ്രീരാമൻ അമ്പെയ്ത് കൊന്നു.

തതഃ സന്തപ്തഹൃദയോ രാവണോ യുദ്ധദുർമദം
പ്രചോദയാമാസ സുതം യുദ്ധേ ഹന്തും സ രാഘവൗ 18

അനന്തരം സന്തപ്തഹൃദയനായ രാവണൻ യുദ്ധത്തിൽ പരാജയപ്പെടുത്തുവാനാകാത്തവനായ തന്റെ മകനെ (ഇന്ദ്ര ജിത്തിനെ) ശ്രീരാമലക്ഷ്മണന്മാരെ വധിക്കുവാനായി (യുദ്ധ ക്കളത്തിലേയ്ക്ക്) അയച്ചു.

നഗരാന്നിനിർയയൗ ളുർണം ഇന്ദ്രജിത് സമിതിഞ്ജയഃ
മായാസീതാം വിനിക്ഷിപ്യ സർവേഷാം മോഹനായ വൈ 19

വളരെയധികം യുദ്ധങ്ങളിൽ വിജയിച്ചവനായ ഇന്ദ്രജിത് എല്ലാവരെയും ഭ്രമിപ്പിക്കുന്നതിനായി മായാസീതയെ രഥത്തിലിരുത്തി നഗരത്തിൽ നിന്ന് വേഗം പുറപ്പെട്ടു.

വാനരേഷ്വപി പശ്യത്സു ഹനൂമത്പ്രമുഖേഷു ച
ജഘാന സീതാം ഖഡ്ഗേന ശിതേന സമിതിഞ്ജയഃ 20

ഹനൂമാന്റെ നേതൃത്വത്തിലുള്ള വാനരന്മാരൊക്കെ നോക്കി നിൽക്കേ തന്നെ യുദ്ധങ്ങളിൽ വിജയിയായ ഇന്ദ്രജിത് സീതയെ മൂർച്ചയുള്ള വാൾ കൊണ്ട് വധിച്ചു.

യുദ്ധം ത്യക്ത്വാ തതഃ സർവൈർവാനരൈഃ സ പരീവൃതഃ
ദുഃഖിതോ ഹനൂമാംസ്തത്ര യത്ര രാമോഽവ്രജല്ലഘു 21

ദുഃഖിതനായ ഹനൂമാൻ യുദ്ധം ചെയ്യുന്നതുനിർത്തിയിട്ട് എല്ലാ വാനരന്മാരുമൊത്ത് പെട്ടെന്ന് ശ്രീരാമന്റെ അടുക്കലേയ്ക്ക് പോയി.

ഉപഗമ്യാഽബ്രവീദ്രാമം ഹനൂമാന്നിഖിലം തദാ
ശ്രുത്വാ വൃത്താന്തമഖിലം രാമോ മോഹമവാപ സഃ 22

അവിടെയെത്തിയിട്ട് ഹനൂമാൻ ശ്രീരാമനോട് നടന്നതെല്ലാം പറഞ്ഞു. ഈ വാർത്തകളെല്ലാം കേട്ടിട്ട് ശ്രീരാമൻ മൂർച്ഛിതനായി.

വിഭീഷണോ/ഥ സംപ്രാപ്യ ദൃഷ്ട്വാ രാമം ച മൂർച്ഛിതം
വിഷണ്ണാൻ വാനരാൻ വാചാ സാന്ത്വയന്നിദമബ്രവീത് 23

അപ്പോൾ വിഭീഷണൻ അവിടെയെത്തുകയും ശ്രീരാമൻ മൂർച്ഛിതനായിക്കിടക്കുന്നതു കാണുകയും ചെയ്തിട്ട് ദുഃഖിതരായിരിക്കുന്ന വാനരന്മാരെ ആശ്വസിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു.

മിഥ്യാ വിഷാദം സന്ത്യജ്യ ജഗന്നായക ഹേ പ്രഭോ
ശൃണു മേ/ഭിഹിതം വാക്യം ജ്ഞാത്വാ രാവണിമാനസം 24

"അല്ലയോ പ്രഭോ! ജഗന്നായകാ! മിഥ്യയാ വിഷാദം ഉപേക്ഷിച്ചിട്ട്, ഇന്ദ്രജിത്തിന്റെ മനസ്സറിഞ്ഞിട്ട് ഞാൻ പറയുന്ന ഹിതമായ വാക്കുകൾ കേൾക്കൂ".

ദുരാത്മനാ കൃതാ മായാ രാക്ഷസേന്ദ്രസുതേന വൈ
നികുംഭിലായാം ഹോമം തു കൃതം തേനാധുനാ കില 25

"രാക്ഷസരാജാവിന്റെ മകനും ദുഷ്ടനുമായ ഇന്ദ്രജിത്തിന്റെ മായയാണിതെല്ലാം. അവൻ ഇപ്പോൾ നികുംഭിലയിൽ ഒരു ഹോമം ആരംഭിച്ചിട്ടുണ്ട്."

ലക്ഷ്മണം പ്രേഷയാദ്യൈവ മയാ സഹ സമന്ത്രിണാ
കൃതേ ഹോമേ തത്ര രിപുരജേയോ ഭവതി ധ്രുവം 26

"എന്റെ കൂടെ മന്ത്രിമാരോടൊപ്പം ലക്ഷ്മണനെ ഇന്നു തന്നെ അയയ്ക്കണം. (നികുംഭിലയിൽ നടന്നുകൊണ്ടിരിക്കുന്ന) ഹോമം

പൂർണ്ണമായാൽ അതോടെ ശത്രു (ഇന്ദ്രജിത്) അജയ്യനായി ത്തീരുമെന്നതു തീർച്ചയാണ്."

ഉവാച രാമഃ സൗമിത്രിം രാക്ഷസേന്ദ്രസുതം ജഹി
ഗച്ഛേതി ശീഘ്രം സുഹൃദാ രാവണസ്യാനുജേന സഹ 27

അപ്പോൾ ശ്രീരാമൻ ലക്ഷ്മണനോട് പറഞ്ഞു, "നീ വേഗം തന്നെ നമ്മുടെ സുഹൃത്തായ വിഭീഷണനോടൊത്ത് (നികുംഭിലയിലേയ്ക്ക്) പോയി ഇന്ദ്രജിത്തിനെ വധിക്കു."

ലക്ഷ്മണസ്തു തദാ രാമം ആമന്ത്ര്യ സവിഭീഷണഃ
നികുംഭിലാം പ്രാപ തൂർണം ഇന്ദ്രജിദ്യത്ര വർതതേ 28

ലക്ഷ്മണൻ അപ്പോൾ ശ്രീരാമനോട് വിടചൊല്ലി, വേഗം തന്നെ ഇന്ദ്രജിത്ത് ഉള്ളസ്ഥലമായ നികുംഭിലയിലെത്തി ച്ചേർന്നു.

അദർശയദ് ഭ്രാതൃപുത്രം ധർമാത്മാ സ വിഭീഷണഃ
ലക്ഷ്മണോ ഭേദയാമാസ രാക്ഷസാഞ്ഛരസഞ്ചയൈഃ 29

ധർമ്മാത്മാവായ വിഭീഷണൻ തന്റെ സഹോദരപുത്രനെ ലക്ഷ്മണനു കാണിച്ചുകൊടുത്തു. ലക്ഷ്മണൻ ശരസഞ്ചയം കൊണ്ട് (കൂട്ടത്തോടെയുള്ള അസ്ത്രപ്രയോഗം കൊണ്ട്) രാക്ഷസന്മാരെ ആക്രമിച്ചു.

കൃത്വാ ചിരം തത്ര യുദ്ധം ഐന്ദ്രേണാസ്ത്രേണ വൈ രുഷാ
ശിരശ്ചിച്ഛേദ സൗമിത്രിഃ ദശാനനസുതസ്യ ഹി 30

അവിടെ കുറേ നേരം യുദ്ധം ചെയ്തശേഷം ലക്ഷ്മണൻ ദേഷ്യപ്പെട്ട് ഐന്ദ്രാസ്ത്രത്താൽ ഇന്ദ്രജിത്തിന്റെ ശിരസ്സ് ഛേദിച്ചു.

സ സുതസ്യ വധം ശ്രുത്വാ രാവണഃ ശോകകർശിതഃ
നഷ്ടധൈര്യോ വിഹ്വലാംഗോ വിലലാപാകുലേന്ദ്രിയഃ 31

തന്റെ മകന്റെ വധത്തെക്കുറിച്ച് കേട്ടിട്ട് ദുഃഖപീഡിതനായ രാവണൻ ധൈര്യം നഷ്ടപ്പെട്ടവനും, പ്രക്ഷുബ്ധമായ അവയവങ്ങളോടും, ഇന്ദ്രിയങ്ങളോടും കൂടിയവനായി വിലപിച്ചു.

നിരർഥകം തു മജ്ജന്മ ജല്പിതം ച നിരർഥകം
യേനാഹമദ്യ പശ്യാമി ഹതമിന്ദ്രജിതം രണേ 32

"ഇന്ന് യുദ്ധത്തിൽ മരണമടഞ്ഞ ഇന്ദ്രജിത്തിനെ കാണുന്നവനായ എന്റെ ജന്മം വ്യർഥമാണ്. എന്റെ വാക്കുകൾക്കും അർഥമില്ലാതായി."

ക്വ ഗതോസി ഹതഃ ശൂര! മാനുഷേണ പദാതിനാ
രാജ്യാദ് ഭ്രഷ്ടേന ദീനേന ത്യക്ത്വാ മാം പുത്ര ജീവിതം 33

"അല്ലയോ ശൂരാ! രാജ്യഭ്രഷ്ടനും, ദീനനും, മനുഷ്യനായ പടയാളിയാൽ വധിക്കപ്പെട്ട നീ, ജീവിച്ചിരിക്കുന്നവനായ എന്നെ വിട്ടിട്ട് എവിടെയാണ് പോയിരിക്കുന്നത്?"

ഇന്ദ്രം ജിത്വാ തു തം ബദ്ധ്വാ ലങ്കമാനീയ വൈ ബലാത്
അകരോസ്ത്വം പ്രതാപേന കാരാഗൃഹനിവാസിനം 34

"നീ പ്രതാപപൂർവ്വം ഇന്ദ്രനെ ജയിച്ചിട്ട്, ബലാൽ ബന്ധിച്ച ശേഷം ലങ്കയിൽ കൊണ്ടുവന്നിട്ട് കാരാഗൃഹത്തിൽ താമസിപ്പിച്ചിരുന്നല്ലോ."

മോചയാമാസ ബ്രഹ്മാ ത്വാം സാന്ത്വയിത്വാമരാധിപം
താദൃക്ത്വം കുത്ര മാം ത്യക്ത്വാ ഗതോഽദ്യ സുദുരാസദഃ 35

"ബ്രഹ്മാവ് നിന്നെ സമാധാനിപ്പിച്ചശേഷം ഇന്ദ്രനെ മോചിപ്പിക്കുകയും ചെയ്തു. അങ്ങനെയുള്ള വീരനായ നീ ഇന്ന് എന്നെ വിട്ടിട്ട് എവിടെ പോയിരിക്കുകയാണ്?"

കിം കരിഷ്യാമ്യഹം പുത്ര! ക്വ ഗച്ഛാമി വദാധുനാ
നയ മാം യത്ര ഗന്താസി തത്ര തേ ന വിലംബനം 36

"അല്ലയോ മകനേ! ഞാൻ എന്താണ് ചെയ്യേണ്ടത്? ഞാൻ എവിടെയാണ് പോകേണ്ടത്? നീ ഇപ്പോൾ പറയൂ. നീ എവിടെയാണോ പോയിരിക്കുന്നത് അവിടെ എന്നെയും താമസിയാതെ കൊണ്ടുപോകൂ."

ലോകേഷു ത്വത്സമോ നാസ്തി താദൃശസ്യ പിതാഽസ്മ്യഹം
ഇത്യാശയാ സ്ഥിതം പുത്ര ഗർവിതേന മയാഽത്ര ഹി 37

"നിന്നെപ്പോലെ ഒരുവൻ ഈ ലോകത്തിലില്ല. അങ്ങനെയുള്ള നിന്റെ പിതാവാണ് എന്ന ആശയോടെ ഞാൻ അഹങ്കരിച്ചിരിക്കുകയായിരുന്നു."

ധൂമ്രാക്ഷോ വജ്രദംഷ്ട്രശ്ച കുംഭകർണഃ പ്രതാപവാൻ
രാക്ഷസാ നിഹതാഃ സർവേ പ്രഹസ്തപ്രമുഖാ അപി 38

ധൂമ്രാക്ഷൻ, വജ്രദംഷ്ട്രൻ, പ്രതാപവാനമായ കുംഭകർണനന്, പ്രഹസ്തൻ തുടങ്ങിയ എല്ലാ രാക്ഷസന്മാരും കൊല്ലപ്പെട്ടു കഴിഞ്ഞു.

അനാദൃത്യ തു താൻ സർവാന് രാക്ഷസാൻ പ്രഹൃതാനപി
അവഷ്ടഭ്യ ബലം പുത്ര സുഖേനാവസ്ഥിതം തവ 39

"വധിക്കപ്പെട്ട ആ രാക്ഷസന്മാരെയൊക്കെ അനാദരിച്ചു കൊണ്ട് (അവഗണിച്ചുകൊണ്ട്), അല്ലയോ മകനേ! നിന്റെ ശക്തിയെ അവലംബിച്ച് സുഖമായിരിക്കുകയായിരുന്നു ഞാൻ."

ഇത്യേവം ബഹുധാ തത്ര വിലപ്യ സ തു രാവണഃ
അന്തർനിയമ്യ ദുഃഖാനി കോപം ചക്രേ സുദാരുണം 40

എന്നിങ്ങനെ പലതരത്തിലും വിലപിച്ചുകൊണ്ട് ആ രാവണൻ ദുഃഖത്തെ ഉള്ളിലടക്കി അതിഘോരമായ കോപത്തെ കൈക്കൊണ്ടു.

രഥം സൂത! മയാഗ്രേ ത്വം ക്ഷിപ്രം കുരു ജയൈഷിണഃ
രാമം സലക്ഷ്മണം ഹന്തും നിർഗമിഷ്യാമ്യഹം ഗൃഹാത് 41

"അല്ലയോ സൂതാ! വിജയമാഗ്രഹിക്കുന്ന എന്റെ മുമ്പിൽ വേഗം രഥം കൊണ്ടുവരു. ഞാൻ രാമനെയും ലക്ഷ്മണനെയും വധിക്കുവാനായി വീട്ടിൽ നിന്ന് പോകുകയാണ്."

ഇത്യുക്ത്വാ രഥമാരുഹ്യ ശീഘ്രം സാരഥിവാഹിതം
രാമേണ സഹ സംഗമ്യ യുദ്ധം ചക്രേ സുദാരുണം 42

ഇപ്രകാരം പറഞ്ഞിട്ട് സാരഥിയാൽ നയിക്കപ്പെട്ട രഥത്തിൽ കയറി വളരെവേഗം ശ്രീരാമന്റെ അടുക്കൽ ചെന്നിട്ട് അതിഘോരമായ യുദ്ധം ചെയ്തു.

തതോ മാതലിനാഽനീതം രഥമൈന്ദ്രം സമാരുഹൻ
രരാജ രാമോ ധർമാത്മാ ഹൃദയസ്ഥോ യഥാ രവിഃ 43

അപ്പോൾ ധർമ്മാത്മാവായ ശ്രീരാമൻ (ഇന്ദ്രന്റെ സൂതനായ) മാതലി കൊണ്ടുവന്ന ഇന്ദ്രന്റെ രഥത്തിൽ കയറിയിരുന്നിട്ട് ഉദയസൂര്യനെപ്പോലെ ശോഭിച്ചു.

ചകാര യുദ്ധം തുമുലം ദേവവൃന്ദേ ച പശ്യതി
സീതാഹരണജാത് കോപാദ്രാമോ ധർമഭൃതാം വരഃ 44

ധർമ്മിഷ്ഠന്മാരിൽ ഉത്തമനായ ശ്രീരാമൻ സീത അപഹരിക്കപ്പെട്ടതിലുള്ള കോപത്താൽ ദേവഗണങ്ങൾ നോക്കിക്കൊണ്ടിരിക്കെ (രാവണനുമായി) അതിഘോരമായ യുദ്ധം ചെയ്തു.

അഥാഗസ്ത്യസ്യ വചനാത് രാവണം ലോകകണ്ടകം
ജഘാന രാമോ ലക്ഷ്മീവാൻ ബ്രഹ്മേണാസ്ത്രേണ തം രണേ 45

അനന്തരം അഗസ്ത്യമുനിയുടെ ഉപദേശമനസരിച്ച് ശ്രേഷ്ഠനായ ശ്രീരാമൻ ലോകത്തിന മുഴുവൻ ശത്രുവായ രാവണനെ ബ്രഹ്മാസ്ത്രം കൊണ്ട് വധിച്ചു.

മന്ദോദരീ വധം ശ്രുത്വാ ഭർതുഃ പ്രിയതരസ്യ ച
വിലലാപ രണം ഗത്വാ കുരരീവ ഭൃശാതുരാ 46

മന്ദോദരി തനിക്കു ഏറ്റവും പ്രിയപ്പെട്ടവനായ ഭർത്താവിന്റെ വധത്തിനെക്കുറിച്ച് കേട്ടിട്ട് യുദ്ധക്കളത്തിൽ പോയി വളരെയധികം ദുഃഖിതയായി കടൽക്കഴുകിയെപ്പോലെ വിലപിച്ചു.

വിഭീഷണോƒഥ രാമേണ സന്ദിഷ്ടഃ സഹ രാക്ഷസൈഃ
ചകാര ദഹനം തസ്യ രാവണസ്യ ഗതായുഷഃ 47

ശ്രീരാമൻ നിയോഗിച്ചതനുസരിച്ച് വിഭീഷണൻ രാക്ഷസ ന്മാരോടൊത്ത് മരണമടഞ്ഞ രാവണന്റെ (ശവം) ദഹിപ്പിച്ചു.

അഥാഗ്നിവചനാത് സീതാം രാമോ വീക്ഷ്യ സുനിർമലാം
സന്ദിഷ്ടോ ദേവവൃന്ദൈശ്ച ജഗ്രാഹ പിതൃസന്നിധൗ 48

അനന്തരം അഗ്നിദേവന്റെ വാക്കുകൾ കേട്ടിട്ട് ശ്രീരാമൻ സീത വിശുദ്ധയാണെന്ന് കണ്ടറിഞ്ഞിട്ട് ദേവന്മാർ ഉപദേശിച്ച തനുസരിച്ച് സീതയെ പിതാവിന്റെ അടുക്കൽ കൊണ്ടുപോയി.

തവൈവ യുക്തം കർമൈതത്സർവലോകഭയങ്കരം
തദ്വൈദേഹ്യാ കൃതേ രാമ! സാ തു ലക്ഷ്മീർഭവാന് സ്വഭൂഃ 49

"സീതയ്ക്കുവേണ്ടി നീ ചെയ്ത ഈ കർമ്മം ലോകഭയങ്കരമാണ്. സീത ലക്ഷ്മീദേവിയും, നീ സ്വയംഭൂവായ വിഷ്ണുവുമാണ്."

ഇത്യേവം ദേവസംഘൈശ്ച മുനിഭിശ്ചാഭിപൂജിതഃ
ലക്ഷ്മണശ്ച തുതോഷാഥ രാമോ വിശ്വാസമായയൗ 50

ഇപ്രകാരം ദേവഗണങ്ങളാലും, മുനിമാരാലും ശ്രീരാമൻ സമാദരിക്കപ്പെട്ടപ്പോൾ ലക്ഷ്മണൻ അതിൽ സന്തോഷിക്കുകയും, ശ്രീരാമൻ അതു വിശ്വസിക്കുകയും ചെയ്തു.

വിഭീഷണസ്യ ധർമാത്മാ സത്യസന്ധ ഉദാരധീഃ
കാരയാമാസ ലക്ഷ്മീവാൻ അനുജേനാഭിഷേചനം 51

ശ്രേഷ്ഠനും, ധർമ്മാത്മാവും, സത്യസന്ധനും, ഉദാരമനസ്കനമായ ശ്രീരാമൻ ലക്ഷ്മണനെക്കൊണ്ട് വിഭീഷണന്റെ അഭിഷേകം ചെയ്യിച്ചു.

തഥാ പുഷ്പകമാരുഹ്യ സഹമിത്രൈർജഗത്പതിഃ
ഭാര്യാനുജാഭ്യാം സഹിതഃ കിഷ്കിന്ധാം പ്രാപ രാഘവഃ 52

അതുകഴിഞ്ഞ് ഭാര്യയോടും, അനുജനോടും, മിത്രങ്ങളോടും കൂടി പുഷ്പകവിമാനത്തിലേറി ജഗത്പതിയായ ശ്രീരാമൻ കിഷ്കിന്ധയിലെത്തിച്ചേർന്നു.

കിഷ്കിന്ധാനിലയാഃ സർവാഃ കപീനാം യോഷിതാഃ പ്രിയാഃ
സീതാ കുതൂഹലാത്പുഷ്പം വിമാനം താഃ സമാരുഹൻ 53

കിഷ്കിന്ധാനിവാസികളായ എല്ലാ വാനരസ്ത്രീകളും സീതയെ കാണുവാനുള്ള കൗതുകം കൊണ്ട് പുഷ്പകവിമാനത്തിൽ കയറി.

അഥ ദാശരഥിഃ ശ്രീമാൻ ഭരതം ദ്രഷ്ടുമിച്ഛയാ
ഭരദ്വാജാശ്രമം പ്രാപ്തഃ തത്ര തേന നിവാരിതഃ 54

അതിനുശേഷം ദശരഥപുത്രനും, ഐശ്വര്യവാനുമായ ശ്രീരാമൻ ഭരതനെക്കാണുവാനുള്ള ഇച്ഛയോടെ ഭരദ്വാജാശ്രമത്തിലെത്തി. അവിടെ ഭരദ്വാജമുനി അദ്ദേഹത്തെ പിടിച്ചു നിർത്തി.

ഭരതസ്യാന്തികം രാമഃ പ്രേഷയാമാസ മാരുതിം
രാമസ്യാദർശതാദ്വഹ്നിപ്രവേശം കാംക്ഷതോ ഭൃശം 55

രാമന്റെ ദർശനം ലഭിക്കാത്തതിനാൽ അഗ്നിപ്രവേശം ചെയ്ത് ജീവൻ ത്യജിക്കുവാൻ വളരെയധികം ഇച്ഛിച്ചിരുന്ന ഭരതന്റെ അടുക്കൽ ശ്രീരാമൻ മാരുതിയെ അയച്ചു.

തത്ര തേന മുനീന്ദ്രേണ സാനുജഃ സ സുഹൃദ്ഗണഃ
സന്തോഷവിവേശേനാഥ രാമോഽപി വിധിപൂജിതഃ 56

അനന്തരം അവിടെ (ഭരദ്വാജാശ്രമത്തിൽ) സന്തോഷവിവശനായ ഭരദ്വാജമുനിയാൽ രാമലക്ഷ്മണന്മാരും സുഹൃത്തുക്കളും യഥാവിധി സത്ക്കരിക്കപ്പെട്ടു.

രാമോ᾽ഥ സഹ സംഗമ്യ ഭരതേനാരിഘാതിനാ
അയോധ്യാം പ്രാവിശത്തൂർണം മാതൃഭിശ്ചാഭിനന്ദിതഃ 57

പിന്നീട് ശ്രീരാമൻ ശത്രുനാശകനായ ഭരതനെ കണ്ടുമുട്ടിയ ശേഷം വേഗംതന്നെ അയോദ്ധ്യയിൽ പ്രവേശിക്കുകയും, അമ്മമാരാൽ സ്വീകരിക്കപ്പെട്ടുകയും ചെയ്തു.

അഥായോധ്യാനിവാസാസ്തേ ജനാസ്സർവേ᾽പി തോഷിതാഃ
അഭിഗമ്യാബ്രുവൻ രാമം ധന്യാ വയമിതി ദ്രുതം 58

അയോദ്ധ്യാനിവാസികളെല്ലാം തന്നെ സന്തുഷ്ടരായിത്തീരുകയും, ഉടനെ ശ്രീരാമന്റടുക്കൽ ചെന്നിട്ട് "ഞങ്ങൾ ധന്യരായി" എന്നു പറയുകയും ചെയ്തു.

ചാതകസ്തു ഘനാൻ ദൃഷ്ട്വാ മയൂരാശ്ച യഥാ ശിശൂൻ
ആസാദ്യ മാതരസ്തോഷം തഥാ പ്രാപുർജനാ ഭുവി 59

കാർമേഘത്തെക്കണ്ട ചാതകപ്പക്ഷിയെപ്പോലെയും, മയിലിനെപ്പോലെയും, സ്വന്തം കുഞ്ഞിനെക്കണ്ട അമ്മമാരെപ്പോലെയും അയോദ്ധ്യാവാസികൾ (ശ്രീരാമനെക്കണ്ടിട്ട്) സന്തോഷമനുഭവിച്ചു.

അഥാഭിഷേകം രാമസ്യ വസിഷ്ഠാദ്യാ മുദാന്വിതാഃ
സഹിതാ മന്ത്രിഭിശ്ചക്രുഃ വസവോ വാസവം യഥാ 60

അതിനുശേഷം വസിഷ്ഠാദികളും, മന്ത്രിമാരും ചേർന്ന് സന്തോഷത്തോടെ, അഷ്ടവസുക്കൾ ഇന്ദ്രന്റെ എന്ന പോലെ, ശ്രീരാമന്റെ അഭിഷേകം നടത്തി.

അഭിഷേകോത്സവേ സർവേ സുഗ്രീവാദ്യാഃ കപീശ്വരാഃ
യഥാർഹം പൂജിതാശ്ചാസൻ സ്രഗ്ഗന്ധാംബരഭൂഷണൈഃ 61

അഭിഷേകോത്സവത്തിൽ സുഗ്രീവൻ തുടങ്ങിയ വാനരമുഖ്യന്മാരെല്ലാം തന്നെ അവരവരുടെ യോഗ്യതയനുസരിച്ച് സുഗന്ധം, വസ്ത്രം, ആഭരണങ്ങൾ എന്നിവയാൽ ബഹുമാനിതരായി.

വിശിഷ്യ മുക്താഹാരേണ സീതയാ ഹനുമാൻ മുദം
പൂജിതശ്ച തദാ ലേഭേ യഥാ സീതാവലോകനേ 62

വിശേഷിച്ചും സീത ഒരു മുത്തുമാല നല്കി ഹനുമാനെ ആദരിച്ചപ്പോൾ സീതയെ കാണുമ്പോൾ[2] ലഭിക്കുന്നതു ലഭിച്ചതുപോലെയുള്ള സന്തോഷം ഹനുമാന് ലഭിച്ചു.

സർവാസാം വാനരീണാം ച കൗസല്യാ പുത്രവത്സലാ
ഭൂഷണൈർഭൂഷയാമാസ വസ്ത്രചന്ദനകുങ്കുമൈഃ 63

പുത്രവത്സലയായ കൗസല്യ എല്ലാ വാനരസ്ത്രീകളെയും വസ്ത്രം, ആഭരണം, ചന്ദനം, കുങ്കുമം എന്നിവയാൽ അലങ്കരിച്ചു.

[2] "ലങ്കയിലെ അശോകവനികയിൽ സീതയെ കണ്ടെത്തിയപ്പോള് ലഭിച്ചതുപോലെയുള്ള സന്തോഷം ഹനുമാന് ലഭിച്ചു" എന്നു വ്യാഖ്യാനിക്കാമോ എന്നറിയില്ല, അറിവുള്ളവർ ദയവായി പറഞ്ഞു തരണം.

രാമാജ്ഞയാഥ സർവേഽപി സുഗ്രീവാദി പ്ലവംഗമാഃ
കിഷ്കിന്ധാം ലേഭിരേ കൃച്ഛ്രാത് ശ്രീരാമവിരഹാതുരാഃ 64

പിന്നീട് ശ്രീരാമന്റെ ആജ്ഞാനുസരണം സുഗ്രീവൻ തുടങ്ങിയ എല്ലാ വാനരന്മാരും ശ്രീരാമനെ വിട്ടുപിരിയുന്നതിലുള്ള ദുഖത്താൽ വിഷമത്തോടെ കിഷ്കിന്ധയിലേയ്ക്ക് പോയി.

അതിഭക്തോ ദീർഘജീവീ ലങ്കാസമരസാധകഃ
അനുജ്ഞാതഃ സ രാമേണ ലങ്കാം പ്രായാത് വിഭീഷണഃ 65

അതീവഭക്തനും, ചിരഞ്ജീവിയും, ലങ്കായുദ്ധത്തിന്റെ വിജയകാരണവുമായ വിഭീഷണൻ ശ്രീരാമന്റെ അനുവാദ ത്തോടെ ലങ്കയിലേയ്ക്ക് പോയി.

പിതുഃ സിംഹാസനം പ്രാപ്യ ഭ്രാതൃഭിഃ സഹിതോഽനഘഃ
വിരരാജ തഥാ രാമോ യഥാ വിഷ്ണുഃ ത്രിവിഷ്ടപേ 66

പിതാവിന്റെ സിംഹാസനം ആരോഹണം ചെയ്തവനും, നിഷ്പാപനുമായ ശ്രീരാമൻ തന്റെ അനുജന്മാരോടൊപ്പം, സ്വർഗത്തിൽ വിഷ്ണുവെന്ന പോലെ, വിരാജിച്ചു.

ലക്ഷ്മണാനുമതേ രാമോ യൗവരാജ്യം തു ദത്തവാൻ
ഭരതായാപ്രമേയായ പ്രാണാത് പ്രിയതരായ സഃ 67

ശ്രീരാമൻ ലക്ഷ്മണന്റെ സമ്മതത്തോടെ ശ്രേഷ്ഠനും, തനിയ്ക്ക് പ്രാണനേക്കാൾ പ്രിയപ്പെട്ടവനുമായ ഭരതനെ യുവരാജപദവി നല്കി.

ചത്വാരസ്തേ മഹാത്മാനഃ സഭാര്യാഃ രഘുസത്തമാഃ
ഖേ സതാരോ യഥാ ചന്ദ്രഃ തഥാ രേജുഃ സ്വപത്തനേ 68

മഹാത്മാക്കളായ ആ നാലു രഘുവംശവീരന്മാരും ഭാര്യമാരു മൊത്ത് സ്വന്തം നഗരത്തിൽ, ആകാശത്തിൽ നക്ഷത്രങ്ങളുടെ നടുവിലെ ചന്ദ്രനെന്ന പോലെ, വിരാജിച്ചു.

ഇതി ശ്രീരാമോദന്തേ യുദ്ധകാണ്ഡഃ സമാപ്തഃ
ഇതോടെ ശ്രീരാമോദന്തത്തിലെ യുദ്ധകാണ്ഡം സമാപിച്ചു.

അഥ ഉത്തരകാണ്ഡഃ

രാജാ പര്യഗ്രഹീദേവ ഭാര്യാം രാവണദൂഷിതാം
ഇത്യജ്ഞജനവാദേന രാമസ്തത്യാജ മൈഥിലീം 1

"രാജാവ് രാവണനാൽ ദൂഷിപ്പിക്കപ്പെട്ട ഭാര്യയെ സ്വീകരിച്ചു" എന്ന് അറിവില്ലാത്ത ജനങ്ങൾ അപവാദം പറയുന്നതുകൊണ്ട് ശ്രീരാമൻ സീതയെ ഉപേക്ഷിച്ചു.

തദ്വിദിത്വാഥ വാൽമീകിഃ ആനീയൈനാം നിജാശ്രമം
അന്തർവത്നീം സമാശ്വാസ്യ തത്രൈവാവാസയത് സുഖം 2

അതറിഞ്ഞിട്ട് വാത്മീകിമഹർഷി ഗർഭിണിയായ സീതയെ തന്റെ ആശ്രമത്തിൽ കൊണ്ടുവന്ന് ആശ്വസിപ്പിച്ചശേഷം അവിടെത്തന്നെ താമസിപ്പിച്ചു.

ഋഷിഭിഃ പ്രാർഥിതസ്യാഥ രാഘവസ്യ നിയോഗതഃ
ശത്രുഘ്നോ ലവണം യുദ്ധേ നിഹത്യൈനാനപാലയത്

ഋഷിമാർ അഭ്യർഥിച്ചതനുസരിച്ച് ശ്രീരാമൻ ലവണാസുരനെ വധിക്കുവാൻ ശത്രുഘ്നനെ നിയോഗിക്കുകയും, ശത്രുഘ്നൻ അവനെ വധിച്ച് ഋഷിമാരെ സംരക്ഷിക്കുകയും ചെയ്തു.

രാമേ ഹേമമയീം പത്നീം കൃത്വാ യജ്ഞം വിതന്വതി
ആനീയ സസുതാം സീതാം തസ്മൈ പ്രാചേതസോ ദദൗ 4

ശ്രീരാമൻ സ്വർണനിർമ്മിതമായ സീതയുടെ വിഗ്രഹത്തെ വെച്ച് യജ്ഞം അനുഷ്ഠിക്കുന്ന അവസരത്തിൽ വാത്മീകി അവിടെ സീതയെയും പുത്രന്മാരെയും കൊണ്ടുവന്ന് അവരെ ശ്രീരാമനെ ഏല്പിച്ചു.

ശങ്ക്യമാനാ പുനശ്ചൈവം രാമേണ ജനകാത്മജാ
ഭൂമ്യാ പ്രാർഥിതയാ ദത്തം വിവരം പ്രാവിവേശ സാ 5

ശ്രീരാമനാൽ വീണ്ടും സംശയിക്കപ്പെട്ട സീത ഭൂമിദേവിയോട് പ്രാർഥിച്ചപ്പോൾ ഭൂമിദേവിയാൽ ഉണ്ടാക്കപ്പെട്ട ഒരു ഗർത്തത്തിൽ സീത പ്രവേശിച്ചു.

അഥ രാമസ്യ നിർദേശാത് പൗരൈഃ സഹ വനൗകസഃ
നിമജ്യ സരയൂതീർഥേ ദേഹം ത്യക്ത്വാ ദിവം യയൗ 6

അതിനുശേഷം ശ്രീരാമന്റെ നിർദേശമനുസരിച്ച് (അയോദ്ധ്യയിലെ) പൗരന്മാരും, വാനരന്മാരും സരയൂനദിയിൽ മുങ്ങി ദേഹം ത്യജിച്ച് സ്വർഗം പൂകി.

തതോ ഭരതശത്രുഘ്നൗ നിജം രൂപമവാപതുഃ
രാമോ/പി മാനുഷം ദേഹം ത്യക്ത്വാ ധാമാവിശത് സ്വകം 7

അനന്തരം (സരയുവിൽ ശരീരം ത്യജിച്ചശേഷം) ഭരതനും ശത്രുഘ്നനും അവരുടെ യഥാർഥരൂപം പ്രാപിച്ചു. ശ്രീരാമനും മാനുഷമായ ദേഹത്തെ ത്യജിച്ച് സ്വധാമത്തിൽ (വൈകുണ്ഠത്തിൽ) പ്രവേശിച്ചു.

ശ്രീരാമോദന്തമാഖ്യാതം ഇദം മന്ദധിയാ മയാ
സമീക്ഷ്യ നിപുണൈസദ്ഭിഃ സംശോധ്യ പരിഗൃഹ്യതാം 8

മന്ദബുദ്ധിയായ എന്നാൽ "ശ്രീരാമോദന്തം" എന്ന ഈ ശ്രീരാമകഥ വിവരിക്കപ്പെട്ടു. നിപുണന്മാരും, സജ്ജനങ്ങളും ഇതിനെ നന്നായി നോക്കിയിട്ട്, പരിശോധിച്ച് സ്വീകരിക്കട്ടെ.

യസ്തു ദാശരഥിർഭൂത്വാ രണേ ഹത്വാ ച രാവണം
ররക്ഷ ലോകാൻ വൈകുണ്ഠഃ സ മാം രക്ഷതു ചിന്മയഃ 9

യാതൊരുവനാണോ ദശരഥപുത്രനായി ജനിച്ച് യുദ്ധത്തിൽ രാവണനെ വധിച്ച് ലോകത്തെ (ജനങ്ങളെ) രക്ഷിച്ചത് ചിന്മയനായ ആ വിഷ്ണു എന്നെ രക്ഷിക്കട്ടെ.

ഇതി ശ്രീരാമോദന്തേ ഉത്തരകാണ്ഡഃ സമാപ്തഃ
ഇതോടെ ശ്രീരാമോദന്തത്തിലെ ഉത്തരകാണ്ഡം സമാപിച്ചു.

ഇതി ശ്രീരാമോദന്തം സമാപ്തം
ഇതോടെ ശ്രീരാമോദന്തം സമാപിച്ചു.